بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 23

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂൺ 9/ഹി.ശം. 1401 ഇഹ്സാൻ 9/ഹിജ്റ 1443 ദുൽഖഅ്ദ 8


## അല്ലാഹുവിന്റെ വചനം

وَاَطِیۡعُوا اللّٰہَ وَاَطِیۡعُوا الرَّسُوۡلَ وَاحۡذَرُوۡا ۚ فَاِنۡ تَوَلَّیۡتُمۡ فَاعۡلَمُوۡۤا اَنَّمَا عَلٰی رَسُوۡلِنَا الۡبَلٰغُ الۡمُبِیۡنُ ○ (المائدہ : 93)

'നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. ഈ ദൂതനേയും അനുസരിക്കുവിൻ. നിങ്ങൾ ജാഗ്രതയുളളവരായിരിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞു കളയുന്ന പക്ഷം അറിഞ്ഞുകൊള്ളുക, നമ്മുടെ ദൂതന്റെ കർത്തവ്യം വ്യക്തമായ നിലയിൽ(സന്ദേശം)എത്തിക്കുക മാത്രമാണ്.'(5:93)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### യാചന പാടില്ല

(1480) ഹദ്റത്ത് അബൂഹുറയ്റ[റ] നിവേദനം. നബി[സ]തിരുമേനി പറഞ്ഞു: നിങ്ങളിലാരെങ്കിലും തന്റെ കയറുമെടുത്ത് രാവിലെ മലയിലേക്ക് പോകുകയും വിറകു ശേഖരിക്കുകയും അത് വിൽക്കുകകയും തിന്നുകയും ധർമം കൊടുക്കുകയും ചെയ്യുന്നത് ജനങ്ങളോടു യാചിക്കുന്നതിനെക്കാൾ ഉത്തമമാണ്.

### തന്റെ സക്കാത്ത് സ്വത്ത് തിരിച്ചു വാങ്ങാൻ പാടുണ്ടോ?

(1489) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ[റ] നിവേദനം. ഉമർ ബിൻ ഖത്ത്വാബ്[റ] അല്ലാഹുവിന്റെ മാർഗത്തിൽ ഒരു കുതിരയെ ദാനം ചെയ്തു. അതു നല്കപ്പെട്ടവൻ അതിനെ വിൽക്കുന്നത് ഉമർ[റ] കണ്ടു. അതു തിരിച്ചുവാങ്ങാൻ അദ്ദേഹം ഉദ്ദേശിച്ചു. അദ്ദേഹം നബി[സ]തിരുമേനിയുടെ അടുത്തു ചെന്നു അതിന് അനുവാദം ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: 'നിന്റെ ദാനധർമം നീ തിരിച്ചുവാങ്ങരുത്.'

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ
06 മെയ് 2022
സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


**മാനുഷികമായ ബലഹീനിതയ്ക്ക് എന്തായാലും ആശ്രയസ്ഥാനമില്ല. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമില്ലാതെ അതിന് ഒരു ചുവടുപോലും മുന്നോട്ടു വെക്കാൻ കഴിയില്ല.**

**അവനിത്രമാത്രം ബലഹീനതകളുടെ ഉന്നവും സമാഹാരവും ആയിരിക്കുമ്പോൾ അവന് സമാധാനത്തിനും സൗഖ്യത്തിനുമുള്ള എളുപ്പമാർഗം അല്ലാഹുവുമായുള്ള കാര്യങ്ങൾ ശുദ്ധമാക്കിവവെക്കുക എന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

### അല്ലാഹുവിൽ വിലയം പ്രാപിച്ചവന്റെ സ്ഥാനം

അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമില്ലാതെ മനുഷ്യന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ ഭാഗത്തേക്ക് മനുഷ്യൻ വലിക്കപ്പെടുകയും അല്ലാഹുവിൽ വിലയം പ്രാപിക്കുകയും ചെയ്യുമ്പോൾ അവനിൽനിന്ന് ദൈവികജോലി എന്നു പറയപ്പെടുന്ന പ്രവൃത്തി ഉണ്ടാകുന്നു. അതിനുമേൽ ഏറ്റവുമുന്നതമായ പ്രകാശങ്ങൾ പ്രകടമാകാൻ തുടങ്ങുന്നു. മാനുഷികമായ ബലഹീനിതയ്ക്ക് എന്തായാലും ആശ്രയസ്ഥാനമില്ല. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമില്ലാതെ അതിന് ഒരു ചുവടുപോലും മുന്നോട്ടു വെക്കാൻ കഴിയില്ല. അല്ലാഹുവിൽനിന്ന് അതിന് സഹായം ലഭിക്കുന്നില്ലെങ്കിൽ മലമൂത്രവിസർജത്തിനുശേഷം അടിവസ്ത്രത്തിന്റെ ചരടുകെട്ടാൻപോലും അതിനു കഴിയുകയില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. മനുഷ്യൻ തുമ്മലോടുകൂടി മരിച്ചുപോകുന്ന ഒരു രോഗം വൈദ്യന്മാർ എഴുതിയിരിക്കുന്നു. മനുഷ്യൻ ബലഹീനതകളുടെ കൂട്ടമാണെന്ന് തീർച്ചയായും ഓർമിച്ചുകൊള്ളുക. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ഖുലിഖൽ ഇൻസാനു ളയീഫാ(4:29)മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അവന് അവന്റേതായ ഒന്നുംതന്നെയില്ല. തലമുതൽ കാലുവരെ രോഗം ബാധിക്കാത്തതായ ഒരു അവയവവും അവനില്ല. അവനിത്രമാത്രം ബലഹീനതകളുടെ ഉന്നവും സമാഹാരവും ആയിരിക്കുമ്പോൾ അവന് സമാധാനത്തിനും സൗഖ്യത്തിനുമുള്ള എളുപ്പമാർഗം അല്ലാഹുവുമായുള്ള കാര്യങ്ങൾ ശുദ്ധമാക്കിവവെക്കുക എന്നതാണ്; അവന്റെ സത്യസന്ധനും ആത്മാർഥനുമായ ദാസനായിരിക്കുക എന്നതാണ്; അതിന് അനിവാര്യമായിട്ടുള്ളത് സത്യസന്ധത സ്വായത്തമാക്കുക എന്നതാണ്. ശാരീരികവ്യവസ്ഥിതിയുടെ ആശ്വാസവും സത്യസന്ധതതന്നെയാണ്. ആരാണോ സത്യസന്ധത ഉപേക്ഷിക്കുകയും വഞ്ചനകാണിച്ച് കുറ്റകൃത്യങ്ങളെ അഭയത്തിൽകൊണ്ടുവരുന്നത് കളവിന്റെ പരിജയാണെന്ന് കരുതുകയും ചെയ്യുന്നത് അവൻ കഠിനമായ തെറ്റിലാണുള്ളത്.

### കളവു സ്വീകരിക്കുമ്പോൾ മനുഷ്യഹൃദയം ഇരുണ്ടുപോകുന്നു.

അത് പെട്ടെന്നുണ്ടാകുന്നതും താൽക്കാലിക നിലയിലുള്ളതുമായ ഫലമാണെന്നും, മനുഷ്യൻ മനസ്സിലാക്കിയേക്കാം. പക്ഷേ, യഥാർഥത്തിൽ കളവു സ്വീകരിക്കുന്നതുകൊണ്ട് മനുഷ്യന്റെ ഹൃദയം ഇരുണ്ടുപോകുന്നു. ഉള്ളിന്റെയുള്ളിൽ അതിനെ ഒരു ചിതൽ ബാധിക്കാൻ തുടങ്ങുന്നു. ഒരു കളവിനെ ന്യായീകരിക്കാൻവേണ്ടി ഒരുപാടു കളവു കണ്ടെത്തേണ്ടിവരുന്നു. കാരണം ആ കളവിന് സത്യത്തിന്റെ നിറം നല്കേണ്ടിവരുന്നു. ഇപ്രകാരം ഉള്ളിന്റെയുള്ളിൽനിന്ന് അവന്റെ ധാർമികപരവും ആത്മീയപരവുമായ കഴിവുകൾ മങ്ങിപ്പോകുന്നു. പിന്നീട് എത്രമാത്രം തന്റേടമുണ്ടാകുന്നുവെന്നാൽ അല്ലാഹുവിന്റെ പേരിലും കറ്റുകെട്ടി പറയുന്നു. അല്ലാഹുവിന്റെ മുർസലീങ്ങളേയും മാമൂരീങ്ങളേയും നിഷേധിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പക്കൽ അവൻ വലിയ അക്രമി(അള്ലമ) യായിത്തീരുന്നു. ***മൻ അള്ലമു മിമ്മനിഫ്ത്തറാ അലല്ലാഹി കദിബൻ ഔ കദ്ദബ ബിആയാത്തിഹീ*** (6:22)അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനെക്കാൾ വലിയ അക്രമി മറ്റാരാണ്? തീർച്ചയായും ഓർമിച്ചുകൊള്ളുക, കളവ് വളരെ മോശമായ നാശമാണ്. അത് മനുഷ്യനെ നശിപ്പിക്കുന്നു. മനുഷ്യൻ അല്ലാഹുവിന്റെ മുർസലീങ്ങളേയും അവന്റെ ആയാത്തുകളേയും നിഷേധിച്ച് ശിക്ഷയ്ക്ക് അർഹനാകുന്നതിനെക്കാൾ കളവിന്റെ ഭയാനകമായ വലിയ ഫലമെന്താകാനാണ്. അതുകൊണ്ട് സത്യസന്ധത സ്വായത്തമാക്കുക. *(മൽഫൂദാത്ത് വാല്യം 1, പേജ് 333, പ്രസാധനം ഖാദിയാൻ 2018)*

**മനുഷ്യജീവിതം കേവലം ഈ ലോകത്ത് അവസാനിക്കുകയാണെങ്കിൽ, ഇത്രമാത്രം വലിയ ലോകം അല്ലാഹു സൃഷ്ടിച്ചത് മനുഷ്യൻ ഇതിൽ ജനിച്ച് കുറച്ചുദിവസം തിന്നുകയും കുടിക്കുകയും പിന്നീട് മരിക്കുകയും ചെയ്യുന്നതിനുമാത്രണെങ്കിൽ ഈ ചിന്താഗതി തികച്ചും ബുദ്ധിക്കുവിരുദ്ധമാണ്.**

സൂറത്തുൽഹിജ്റിലെ 86-ാം വചനമായ ***വമാ ഖലഖ്നസ്സമാവാത്തി വൽഅർള വമാ ബയ്നഹുമാ ഇല്ലാ ബിൽഹഖ്ഖി വ ഇന്നസ്സാഅത്ത ല ആത്തിയത്തുൻ ഫസ്വ്ഫഹിസ്സ്വഫ്ഹൽ ജമീൽ*** (ആകാശങ്ങളേയും ഭൂമിയേയും അവയ്ക്കിടയിലുള്ള വസ്തുക്കളേയും ന്യായമായ ആവശ്യാർഥമല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. ആ നിശ്ചിതസമയം വരുന്നതുതന്നെയാണ്. അതുകൊണ്ട് നീ അവർക്ക് നല്ല നിലയിൽ


ശേഷം പേജ് 12ൽ



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**നിങ്ങളിൽനിന്ന് അല്ലാഹുവിനോടുള്ള പ്രതിജ്ഞയും കരാറും എടുക്കുകയാണ്. അതായത് നിങ്ങൾ തീർച്ചയായും അല്ലാഹുവിലും അവന്റ റസൂലിലും വിശ്വസിക്കുന്നതായിരിക്കും. നിശ്ചയമായും നമസ്കാരം നിലനിറുത്തുന്നവരായിരിക്കും. നിർബന്ധമായും സക്കാത്ത് കൊടുക്കുന്നവരായിരിക്കും. ഇക്കാര്യത്തിൽ നിങ്ങൾ നിങ്ങളുടെ മക്കൾക്കും ഭാര്യമാർക്കും വേണ്ടി ബയ്അത്തു ചെയ്യുന്നതായിരിക്കും.**

# നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

നിങ്ങൾ നിങ്ങളുടെ സകല ജോലിയിലും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുക.

**ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മ്മുഹ്സിനൂൻ**

**ഒന്നാമത്തെ ഖിലാഫത്തിൽ മതപരിത്യാഗികളായി പോയവർക്കെതിരെയുള്ള നടപടികളിൽ ചിലതിനെ കുറിച്ചുള്ള ചർച്ച.**

**സിയാൽകോട്ടിലെ റഫീഖ് അഹ്മദ് ബട്ട് സാഹിബിന്റെ ഭാര്യ സ്വാബിറ ബീഗം സാഹിബ, കനഡയിലെ റശീദ് അഹ്മദ് ബാജ്വാ സാഹിബിന്റെ ഭാര്യ ഥുറയ്യ റശീദ് സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ 2022 മെയ് 6/1401 ഹിജ്റത്ത് 06,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ(റ)നെ കുറിച്ച് കഴിഞ്ഞ ഖുത്ബകളിൽ സൈനിക സംഘങ്ങളെ അയക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പരാമർശിച്ചിരുന്നത്. അക്കാലഘട്ടത്തിലെ പ്രക്ഷുബ്ധാവസ്ഥകളെ കുറിച്ച് മനസ്സിലാക്കുന്നതിന് അതിന്റെ കുറച്ച് വിശദീകരണം നല്കുകയാണ്. പറഞ്ഞുവന്നതുപോലെ 11 സംഘങ്ങളെയാണ് അയച്ചിരുന്നത്. അതിലെ ആദ്യത്തെ സംഘത്തെ കുറിച്ചുള്ള വിവരണം ഇപ്രകാരമാകുന്നു. അത് ത്വുലയ്ഹ ബിൻ ഖുവയ്ലിദ്, മാലിക് ബിൻ നുവയ്റ, സജാഹ് ബിൻത് ഹാരിഥ്, മുസ്യിലിമ കദ്ദാബ് തുടങ്ങിയ കലാപകാരികളായ മുർത്തദ്ദീങ്ങളേയും കള്ളപ്രവാചകന്മാരെയും ഇല്ലാതാക്കാനാണ് അവരെ അയച്ചത്. ഹദ്റത്ത് അബൂബക്ർ(റ) ഒരു പതാക ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ഏൽപിച്ചുകൊണ്ട് കല്പിച്ചു: ത്വുലയ്ഹ ബിൻ ഖുവയ്ലിദിനെ നേരിടാൻ പോവുക. അതിൽനിന്ന് വിരമിച്ചശേഷം ബുത്വാഹിൽ മാലിക് ബിൻ നുവയ്റയുമായി യുദ്ധം ചെയ്യുക. അയാൾ യുദ്ധം ചെയ്യാൻ ശഠിക്കുകയാണെങ്കിൽ, അതായത് വാശിപിടിക്കുകയാണെങ്കിൽ യുദ്ധം ചെയ്യുക. ബുത്വാഹ് ബനൂഅസദിന്റെ പ്രദേശത്തിലെ ഒരു അരുവിയുടെ പേരാണ്. അവിടെയാണ് പോരാട്ടം നടന്നത്. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 257, ദാറുൽകുതുബുൽ ഇൽമിയ്യ, ലബ്നാൻ 2012)(മുഅ്ജമുൽബുൽദാൻ വാള്യം 1, പേജ് 527)*

ഒരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഥാബിത് ബിൻ ഖയ്സിനെ അൻസ്വാറിന്റെ അമീറായി നിശ്ചയിച്ചു. അദ്ദേഹത്തെ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ കീഴിലാക്കിക്കൊണ്ട '***ത്വുലയ്ഹയ്ക്കും ഉയയ്ന ബിൻ ഹിസ്ന***യ്ക്കുമെതിരിൽ പോരാട്ടത്തിനു പോകാൻ' ഹദ്റത്ത് ഖാലിദിനോട് പറഞ്ഞു. അവർ ബനൂ അസദിന്റെ ഒരു അരുവിയായ ബുസാഖയിൽ തമ്പടിച്ചിട്ടുണ്ട്. *(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 260, ദാറുൽകുതുബുൽ ഇൽമിയ്യ, ലബ്നാൻ 2012)*

ഹദ്റത്ത് അബൂബക്ർ(റ) മുർത്തദ്ദീങ്ങളുമായുള്ള യുദ്ധത്തിന് ഹദ്റത്ത് ഖാലിദ് ബിൻ വലിദിനു വേണ്ടി പതാക കെട്ടിയപ്പോൾ പറഞ്ഞു: ഞാൻ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടിട്ടുണ്ട്. 'ഖാലിദ് ബിൻ വലീദ്, അല്ലാഹുവിന്റെ വളരെ നല്ല ദാസനാകുന്നു. നമ്മുടെ സഹോദരനും. അദ്ദേഹം അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാകുന്നു. അത് അല്ലാഹു കാഫിരീങ്ങൾക്കും മുനാഫിഖീങ്ങൾക്കുമെതിരിൽ ഉയർത്തിയിരിക്കുന്നു. *(അൽബിദായ വന്നിഹായ, വാള്യം 313, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2001)*

ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ത്വുലയ്ഹാക്കും, ഉയയ്നക്കുമെതിരിൽ നിയോഗിച്ചയച്ചു. ഈ രണ്ട് എതിരാളികളേയും ഹ്രസ്വമായി പരിചയപ്പെടുത്താം. ത്വുലയ്ഹ അസദി കള്ളപ്രവാചകവാദികളിൽ ഒരാളായിരുന്നു. അയാൾ നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതകാലത്തിന്റെ അവസാനഘട്ടത്തിലാണ് പ്രത്യക്ഷപ്പെട്ടത്. അയാളുടെ പേര് ത്വുലയ്ഹ ബിൻ ഖുവയ്ലിദ് ബിൻ നൗഫൽ ബിൻ നള്ല അസദി എന്നായിരുന്നു. **'ആമുൽ വുഫൂദ്'** അഥവാ വിവിധ സംഘങ്ങൾ വന്ന വർഷം. അതായത് ഹിജ്റ 9-ൽ തന്റെ ഗോത്രമായ ബനൂ അസദിന്റെ കൂടെ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. മദീനയിൽ വന്ന് നബി(സ)തിരുമേനിയോട് സലാം പറഞ്ഞു. ശേഷം ഔദാര്യമെന്ന നിലയ്ക്ക് പറഞ്ഞു: 'ഞങ്ങൾ അങ്ങയുടെ സവിധത്തിൽ സന്നിഹിതരായിരിക്കുന്നു. ഞങ്ങൾ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും അങ്ങ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും സാക്ഷ്യം വഹിക്കുകയാണ്.' തുടർന്ന് പറഞ്ഞു: 'താങ്കൾ ഞങ്ങളുടെ അടുക്കലേക്ക് ആരേയും അയച്ചിട്ടില്ല.' നബി(സ)തിരുമേനിയോടു പറഞ്ഞു: 'ഞങ്ങൾ ഞങ്ങൾക്കു ശേഷമുള്ളവർക്കും മതിയായവരാകുന്നു.' അങ്ങനെ അവർ തിരിച്ചുപോയി. ത്വുലയ്ഹ, നബി(സ)തിരുമേനിയുടെ ജീവിതകാലത്തു തന്നെ മുർത്തദ്ദായി. നുബുവ്വത്ത് വാദിക്കാൻ തുടങ്ങി. സമീറാഅ്നെ തന്റെ സൈനിക താവളമാക്കി. ആദ് ഗോത്രത്തിലെ ഒരു വ്യക്തിയുടെ പേരിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥലത്തിന് സമീറാഅ് എന്ന പേര് നൽകിയത്. മദീനയിൽനിന്ന് മക്കയ്ക്ക് സമീപം ഒരുദിവസത്തെ യാത്രാദൂരത്താണ് ഇത് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്തിന്റെ ചുറ്റുപാടും കറുത്തനിറമുള്ള മലകളുള്ളതുകൊണ്ടാണ് ഇതിന് ഈ പേര് വന്നത്. ഏതായാലും അയാൾ വാദിച്ചു തുടങ്ങിയപ്പോൾ സാധാരണക്കാർ അയാളുടെ അനുയായികളായി. ജനങ്ങൾ വഴികേടിലാകുന്നതിനുള്ള ആദ്യ കാരണം എന്തെന്നാൽ, അയാൾ തന്റെ സമൂഹത്തോടൊപ്പം ഒരു യാത്രയിലായിരുന്നു. വെള്ളം തീർന്നപ്പോൾ അവർക്ക് നല്ലപോലെ ദാഹമുണ്ടായി. അയാൾ ജനങ്ങളോട് പറ

ഞ്ഞു: 'നിങ്ങൾ എന്റെ കുതിരയായ ഇഞ്ഞ്‌ലാലിന്റെമേൽ യാത്ര ചെയ്ത് കുറച്ചു മൈലുകൾ മുമ്പോട്ടു പോകുക. അവിടെ നിങ്ങൾക്ക് വെള്ളം കിട്ടുന്നതാണ്. അവർ അങ്ങനെ ചെയ്തു. വെള്ളം കിട്ടുകയുമുണ്ടായി. ഇക്കാരണത്താൽ ഗ്രാമീണവാസികൾ അയാളുടെ വലയിൽ അകപ്പെട്ടു. അയാൾ വെള്ളമുള്ള സ്ഥലം നേരത്തെ കണ്ടിരിക്കാം. പിന്നെ വളരെ ബുദ്ധിപൂർവ്വം ജനങ്ങളെ അങ്ങോട്ട് പറഞ്ഞയച്ചതാകാം. വിദ്യാസമ്പന്നരല്ലാത്ത ജനങ്ങൾ അയാളുടെ വലയിൽപെടുകയും ചെയ്തു. അയാളുടെ നിരർഥമായ കാര്യങ്ങളിലൊന്ന് നമസ്കാരത്തിൽനിന്ന് 'സജദ' ഒഴിവാക്കിയതാണ്. അതായത് നമസ്കാരത്തിൽ സുജൂദ് ചെയ്യേണ്ട കാര്യമില്ല. ആകാശത്തുനിന്ന് തനിക്ക് വഹ്‌യ കിട്ടുന്നുവെന്നാണ് അയാൾ അഹങ്കരിച്ചത്. നല്ല സാഹിത്യമുള്ള വാചകങ്ങൾ വഹ്‌യ് എന്ന നിലയിൽ സമർപ്പിച്ചിരിക്കുന്നു.

ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത് ജാഹിലിയ്യാ കാലഘട്ടത്തിൽ ജ്യോതിഷികൾ സാഹിത്യചാരുതിയുള്ള വാചകങ്ങൾ ജനങ്ങൾക്കു മുന്നിൽ കേൾപ്പിച്ച് അവർക്കുമേൽ തങ്ങളുടെ മേൽക്കോയ്മ സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. ത്വുലയ്ഹ അസദിയുടെ ആത്മാവ് അയാളെ വഞ്ചിക്കുകയാണുണ്ടായത്. അയാളുടെ കാര്യം ശക്തിയാർജ്ജിച്ചു. അയാളുടെ ശക്തിയും വർധിച്ചിരുന്നു. നബി(സ)തിരുമേനി ഇതിനെ കുറിച്ച് അറിഞ്ഞപ്പോൾ അവിടന്ന് ളിറാർ ബിൻ അസ്‌വർ അസദിയെ അയാളെ വധിക്കാൻ അയച്ചു. പക്ഷേ, ളിറാറിനെക്കൊണ്ട് അതു കഴിയുമായിരുന്നില്ല. കാരണം കാലത്തിനനുസരിച്ച് അയാളുടെ ശക്തിയും കൂടിയിരുന്നു. പ്രത്യേകിച്ചും അസദ്, ഗത്ഫാൻ തുടങ്ങിയ ഗോത്രങ്ങൾ വിശ്വസിച്ചതോടുകൂടി അയാളുടെ ശക്തി കൂറേകൂടി വർധിച്ചു. നബി(സ)തിരുമേനി വഫാത്തായി. ത്വുലയ്ഹായുടെ കാര്യത്തിൽ തീരുമാനമായതുമില്ല. തുടർന്ന് ഖിലാഫത്തിന്റെ കടിഞ്ഞാൺ ഹദ്റത്ത് അബൂബക്ർ(റ) ഏറ്റെടുത്തു. കലാപകാരികളായ മുർത്തദ്ദീങ്ങളെ ഒതുക്കാൻ സൈന്യത്തെ തയ്യാറാക്കി. നേതാക്കന്മാരേയും നിയമിച്ചു. ഹദ്റത്ത് അബൂബക്ർ(റ) ത്വുലയ്ഹായെ നേരിടാൻ ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്‌സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 316-318, മക്തബ ത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ)(ഉസുദുൽഗാബ വാള്യം 3, പേജ് 94, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2016)(മുഅ്ജമുൽബുൽദാൻ, വാള്യം 3, പേജ് 290)*

ഇവർ മുർത്തദ്ദീങ്ങൾ അഥവാ മതപരിത്യാഗികൾ മാത്രമായിരുന്നില്ല. അതല്ലെങ്കിൽ നുബുവ്വത്ത് വാദിക്കുക മാത്രമായിരുന്നില്ല ചെയ്തത്. മറിച്ച് മുസ്‌ലിമീങ്ങളുമായി ഇവർ യുദ്ധങ്ങൾ ചെയ്യുകയും നഷ്ടങ്ങൾ വരുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു.

ഉയയ്ന ബിൻ ഹിസ്ൻ ആരായിരുന്നു? ഇയാളെപറ്റി എഴുതിയിരിക്കുന്നു: ഉയയ്ന, അഹ്സാബ് യുദ്ധാവസരത്തിൽ ബനൂ ഫസാറയുടെ നേതാവായിരുന്നു. യുദ്ധത്തിൽ കാഫിരീങ്ങളുടെ മൂന്ന് സൈന്യങ്ങൾ ബനൂ ഖുറയ്ള‌യുമായി ചേർന്ന് മദീനക്കുമേൽ ഉഗ്രൻ ആക്രമണം നടത്തുന്നതിന് ആഗ്രഹിച്ചിരുന്നു. അതിലെ ഒരു സൈന്യത്തിന്റെ തലവൻ ഉയയ്ന ആയിരുന്നു. അഹ്സാബ് യുദ്ധത്തിൽ നിഷേധികളുടെ പരാജയത്തിനുശേഷവും മദീനയെ ആക്രമിക്കാൻ അവർ ആഗ്രഹിച്ചിരുന്നു. എന്നാൽ, നബി(സ)തിരുമേനി പട്ടണത്തിൽനിന്ന് പുറത്തുപോയി യുദ്ധം ചെയ്യുന്നത് വിലക്കുകയും അവരെ പരിക്ഷീണരാക്കുകയും ചെയ്തു. ഈ യുദ്ധം ദീഖർദ് എന്നറിയപ്പെടുന്നു. *(സയ്യിദുനാ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം പേജ് 139, പ്രസാധനം ശിർക്കത്ത് പ്രിന്റിംഗ് പ്രസ്സ് ലാഹോർ 2004)*

ഉയയ്ന ബിൻ ഹിസ്ന് മക്കാ വിജയത്തിനുമുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു. അതിൽ ഭാഗഭാക്കാകുകയും ചെയ്തു. മക്കാ വിജയഘട്ടത്തിൽ അയാൾ മുസ്‌ലിമായിരുന്നു. ഹുനയ്ൻ, ത്വാഇഫ് യുദ്ധങ്ങളിലും പങ്കെടുത്തു. നബി(സ)തിരുമേനി അയാളെ ഹിജ്റ 9-ാം വർഷം ബനൂ തമീമിനെ ഒതുക്കുന്നതിനുവേണ്ടി 50 സവാരികളോടൊപ്പം അയക്കുകയുണ്ടായി. അതിൽ അൻസ്വാർ, മുഹാജിർ സ്വഹാബാക്കളിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. ഈ യുദ്ധത്തിനു കാരണം ബനൂതമീം, നബി(സ)തിരുമേനിയുടെ സേവകനെ സ്വദഖാത്തുകൾ കൊണ്ടുപോകുന്നതിൽ തടഞ്ഞു എന്നതാണ്. പിന്നീട് ഒന്നാം ഖിലാഫത്ത് കാലത്ത് കലാപമുണ്ടാക്കുന്ന മുർത്തദ്ദീങ്ങളോടൊപ്പം ഇവരും മുർത്തദ്ദായി. ത്വുലയ്ഹയിലേക്ക് ഇവർ ചായ്‌വു കാണിച്ചു. അയാൾക്ക് ബയ്അത്ത് ചെയ്തു. ഏതായാലും പിന്നീട് ഇസ്‌ലാമിലേക്ക് തിരിച്ചുവരികയുണ്ടായി. *(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, ഭാഗം 4, പേജ് 639, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് ലബ്നാൻ 2005)(ളിയാഉന്നബി, പീർമുഹമ്മദ് അക്റം ശാഹ് അൽഅസ്ഹരി, വാള്യം 4 പേജ് 566-567, പ്രസാധനം തബ്‌ലീഘ് മർക്കസ് പ്രിന്റേഴ്‌സ് ലാഹോർ 1420 ഹിജരി)*

ഇവർ നേരത്തേയും ഇസ്‌ലാമിന്നെതിരിൽ യുദ്ധം ചെയ്തിരുന്നു. പിന്നെ മുസ്‌ലിമീങ്ങളായി യുദ്ധം തുടങ്ങി. എഴുതുന്നു: അബസും, ദുബിയാനും അവരുടെ സഹായികളും ബുസാഖ എന്ന സ്ഥലത്ത് ഒരുമിച്ചുകൂടി. തുലയ്ഹാ, ത്വയ്യ് ഗോത്രത്തിന്റെ ശാഖകളായ ബനൂ ജദീലയും ഗൗഥും ഉടൻതന്നെ തന്റെ അടുത്തെത്തണമെന്ന് ആവശ്യപ്പെട്ടു. ആ ഗോത്രങ്ങളിലെ കുറച്ചാളുകൾ ഉടൻതന്നെ അയാളുടെ അടുക്കലെത്തി. മാത്രമല്ല തന്റെ ഗോത്രക്കാരോടും അദ്ദേഹത്തെ കാണാൻ നിർദ്ദേശിക്കുകയും ചെയ്തു. അവരും ത്വുലയ്ഹയുടെ അടുക്കലെത്തി. ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ദുൽഖസ്സയിൽനിന്ന് അയക്കുന്നതിന് മുമ്പേ ഹദ്റത്ത് അദിയ്യിനോട് പറഞ്ഞു: താങ്കൾ താങ്കളുടെ ഗോത്രമായ ത്വയ്യുടെ അടുക്കൽ പോകുക; അവർ യുദ്ധം ചെയ്ത് നശിക്കാൻ ഇടയാകാതിരിക്കുന്നതിനു വേണ്ടി. യുദ്ധം ചെയ്യുകയും നശിക്കാതിരിക്കുകയും ചെയ്യുന്നതിന്! ഹദ്റത്ത് അദിയ്യ് തന്റെ ഗോത്രത്തിലെത്തുകയും ദർവയിലും ഗാരിബിലുംവെച്ച് അവരെ തടയുകയും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും അവരെ ഭയപ്പെടുത്തുകയും ചെയ്തു. ദർവയും ഗത്വഫാന്റെ പ്രദേശത്തുള്ള ഒരു സ്ഥലത്തിന്റെ പേരാകുന്നു. ഇതും ബനൂ മർറയിൽ ബിൻ ഔഫിലുള്ള ഈ അരുവിയുടെ പേരാണെന്നും പറയപ്പെടുന്നു. ഏതായാലും അദ്ദേഹത്തിനു പിന്നാലെ തന്നെ ഹദ്റത്ത് ഖാലിദും പുറപ്പെട്ടു. ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തോട് കലപിച്ചു: ആദ്യം ത്വയ്യ് ഗോത്രത്തിന്റെ പരിസരത്തുനിന്നു തന്റെ ദൗത്യം ആരംഭിക്കുക. പിന്നെ ബുസാഖയിലേക്ക് തിരിക്കുക. അവിടെനിന്ന് അവസാനം ബുത്വാഹിലേക്ക് പോകുക. അങ്ങനെ ശത്രുക്കളിൽനിന്ന് വിരമിച്ചശേഷം പുതിയ ആജ്ഞ ലഭിക്കുന്നതുവരെ ഒരു പ്രദേശത്തേക്കും തിരിയരുത്.

താനും ഖയ്ബറിലേക്ക് പുറപ്പെടുകയാണെന്ന കാര്യവും ഹദ്റത്ത് അബൂബക്ർ(റ) വെളിപ്പെടുത്തിയിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ഖയ്ബറിലേക്ക് പുറപ്പെടുന്നുവെന്നും പിന്നെ അവിടെനിന്ന് തിരിച്ച് ഖാലിദുമായി സൽമാ മലയുടെ ഭാഗങ്ങളിൽചെന്ന് കണ്ടുമുട്ടുമെന്നുമുള്ള കാര്യം പ്രസിദ്ധമായി. മറ്റൊരു നിവേദനത്തിൽനിന്ന് അറിയാൻ കഴിയുന്നത് ഹദ്റത്ത് അബൂബക്ർ(റ) ഇത്തരമൊരു ഉപായം മെനഞ്ഞതിനു കാരണം ശത്രുക്കൾക്ക് ഈ സന്ദേശം കിട്ടുമ്പോൾ അവർ ഭയപ്പെടുകയും മറ്റൊരു സൈന്യം കൂടിയുണ്ടെന്ന് തോന്നുന്നതിനും വേണ്ടിയായിരുന്നു. വാസ്തവത്തിൽ അദ്ദേഹം എല്ലാ സൈന്യങ്ങളേയും ഹദ്റത്ത് ഖാലിദിന്റെ കൂടെ പറഞ്ഞയച്ചു കഴിഞ്ഞിരുന്നു. ഹദ്റത്ത് ഖാലിദ് പുറപ്പെട്ടു. ബുസാഖയിൽനിന്ന് തിരിച്ച് അദ്ദഹം ഉജാഅയിലേക്ക് തിരിച്ചു. ഉജാഅയും സൽമായും രണ്ടു മലകളാണ്. സൽമായെ പറ്റി നേരത്തേയും പറഞ്ഞു കഴിഞ്ഞതാണ്. അത് സമീറാഅ്ന്റെ അടുത്തത്തുള്ളതാണ്. ഒരു നിവേദന പ്രകാരം ഉജാഅ് ബനൂ ത്വയ്യിലെ ഒരു മലയാകുന്നു.

ഏതായാലും ഹദ്റത്ത് ഖാലിദ് താൻ ഖയ്ബറിലേക്ക് പോകുകയാണെന്നും അവിടെനിന്ന് ത്വയ്യിനെ നേരിടാൻ പോകുമെന്നും വെളിപ്പിടുത്തി. ഈ ഉപായത്തോടുകൂടി ത്വയ്യിലുള്ള ജനങ്ങൾ തങ്ങളുടെ സ്ഥലത്തുതന്നെ ഇരുന്നു. ത്വുലയ്ഹയുടെ അടുത്ത് പോയില്ല. ഹദ്റത്ത് അതിയ്യും ത്വയ്യുടെ അടുത്തെത്തി. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. തങ്ങൾ ഒരിക്കലും അബുൽ ഫസ്വീലിനെ അനുസരിക്കുന്നതല്ലെന്ന് അവർ പറഞ്ഞു. അബുൽ ഫസ്വീൽ എന്നതുകൊണ്ടു അവർ ഉദ്ദേശിച്ചത് ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നു. ഒട്ടകത്തിന്റേയോ പശുവിന്റേയോ കുട്ടിക്കാണ് ഫസ്വീൽ എന്ന് പറയുന്നത്. അതായത് പാലുകുടിമാറാത്ത കുട്ടി. ബക്ർ, ഫസ്വീൽ എന്നിവ ഒട്ടകത്തിന്റെ കുട്ടിയുടെ പേരുകളാകുന്നു. അതുകൊണ്ട് ചിലർ അബൂബക്റിനെ നിന്ദിക്കുന്നതിനും പരിഹസിക്കുന്നതിനുംവേണ്ടി അബുൽ

ഫസ്വീൽ 'ഒട്ടകകുട്ടിയുടെ പിതാവ്' എന്ന് പറഞ്ഞിരുന്നതാണ്. ഹദ്റത്ത് അദിയ്യ് പറഞ്ഞു: നിങ്ങളുടെ അടുത്തേക്ക് ഒരു സൈന്യം വരുന്നുണ്ട്. അവർ നിങ്ങളോട് ഒരിക്കലും കരുണ കാണിക്കുകയില്ല. ആർക്കും സമാധാനം കിട്ടാത്തവിധം കൊലപാതകങ്ങൾ നടക്കുന്നതുമാണ്. ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തന്നു. ഇനി നിങ്ങളായി നിങ്ങളുടെ പാടായി.

മറ്റൊരു നിവേദന പ്രകാരം അദ്ദേഹം തന്റെ ഗോത്രത്തിലെ ആളുകളോടു പറഞ്ഞു; ആ സമയത്ത് നിങ്ങൾ ഹദ്റത്ത് അബൂബക്റിനെ **'ഫഹ്ലുൽ അക്ബർ'** എന്ന സംജ്ഞാനാമത്തിൽ സ്മരിക്കുന്നതായിരക്കും. ഫഹ്ൽ എന്നത് എല്ലാ ആൺമൃഗങ്ങൾക്കും പറയുന്ന പേരാകുന്നു. അതായത് ഇപ്പോൾ നിങ്ങൾ അദ്ദേഹത്തെ ഒട്ടകത്തിന്റെ ചെറിയ കുട്ടി എന്ന് പറയുന്നു. ഇനി നിങ്ങൾ ശക്തിയുള്ള ആൺഒട്ടകം എന്ന് പറയാൻ നിർബന്ധിതരാകുന്നതാണ്. ത്വയ്യ് ഗോത്രത്തിലെ ആളുകൾ അദ്ദേഹം പറയുന്നതു കേട്ടപ്പോൾ അദ്ദേഹത്തോടു പറഞ്ഞു: നിങ്ങൾ ഈ അക്രമകാരികളായ സൈന്യത്തെ പോയി കാണുകയും ഞങ്ങളെ ആക്രമിക്കുന്നതിൽനിന്ന് തടയുകയും ചെയ്യുക. ഞങ്ങൾ ബുസാഖയിലുള്ള ഞങ്ങളുടെ ആളുകളെ തിരികെ വിളിക്കാം. ഞങ്ങൾ ത്വുലയ്ഹയെ എതിർക്കുകയാണെങ്കിൽ അയാളുടെ അടുത്തുള്ള ഞങ്ങളുടെ ആളുകളെയെല്ലാം അയാൾ കൊല ചെയ്യുന്നതാണെന്ന് ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ട് ഞങ്ങൾ വരികയോ മുസ്‌ലിമീങ്ങളാകുമെന്ന് അറിയുകയോ ചെയ്താൽ അയാൾ തങ്ങളെ കൊല ചെയ്യുന്നതാണ്.

ഹദ്റത്ത് അദിയ്യ്, ഹദ്റത്ത് ഖാലിദിനെ സുൻഹ് എന്ന സ്ഥലത്ത് വരവേറ്റു. സുൻഹ് മദീനയിലെ ഗ്രാമങ്ങളിലെ ഒരു സ്ഥലമാണ്. ഹദ്റത്ത് അദിയ്യ് പറഞ്ഞു: ഖാലിദേ! താങ്കൾ എനിക്ക് മൂന്നുദിവസം തരിക. 500 യുദ്ധവീരന്മാർ താങ്കളോടൊപ്പം ചേരുന്നതാണ്. അവരുമായി ചേർന്ന് ശത്രുക്കളെ ആക്രമിക്കാം. അവരെ നരകാഗ്നിയിൽ പ്രവേശിക്കുന്നതിനെക്കാൾ അത് ഉത്തമമായിരിക്കും. അതായത് ത്വയ്യ് ഗോത്രക്കാർ നമ്മോടൊപ്പം ചേർന്ന് അവരുമായി യുദ്ധം ചെയ്യുന്നതായിരിക്കും. ഹദ്റത്ത് ഖാലിദ് അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകരിച്ചു. ഹദ്റത്ത് അദിയ്യ് തന്റെ ഗോത്രത്തിൽവന്നു. അതിനുമുമ്പേ ത്വയ്യ് ഗോത്രക്കാർ ബുസാഖയിൽനിന്ന് തങ്ങളുടെ ഗോത്രക്കാരെ തിരിച്ചുവിളിക്കാൻ ആളെ അയച്ചുകഴിഞ്ഞിരുന്നു. ഗോത്രത്തിലെ ആളുകൾ ത്വുലയ്ഹായുടെ സൈന്യത്തിലുള്ള തങ്ങളുടെ ആളുകളോടു ഉടനെ തിരിച്ചുവരാൻ പറഞ്ഞു. കാരണം മുസ്‌ലിമീങ്ങൾ ത്വുലയിഹായുടെ സൈന്യത്തിന്റെ ആക്രമണത്തിനുമുമ്പേ അവരെ ആക്രമിക്കാൻ പദ്ധതിയിട്ടിരിക്കുന്നുവെന്നും ആയതിനാൽ തിരിച്ചുവന്ന് ആക്രമണത്തെ തടയണമെന്നും അഭ്യർഥിച്ചുകൊണ്ട് സന്ദേശമയച്ചു. ഈ ഉപായമാണ് അവർ പ്രയോഗിച്ചത്. അങ്ങനെ സഹായികളെന്ന നിലയ്ക്ക് അവർ തങ്ങളുടെ ഗോത്രത്തിലെത്തി. അല്ലായിരുന്നുവെങ്കിൽ ത്വുലയ്ഹായും കൂട്ടാളികളും അവരെ ജീവനോടെ വിടില്ലായിരുന്നു. പിന്നെ ഹദ്റത്ത് അദിയ്യ്, ഹദ്റത്ത് ഖാലിദിന്റെ അടുക്കലെത്തി തന്റെ സമൂഹം വീണ്ടും ഇസ്‌ലാം സ്വീകിച്ചിരിക്കുന്നു എന്നറിയിച്ചു.

ഒരു ഗ്രന്ഥകാരൻ എഴുതുന്നു: അദിയ്യിന്റെ മഹത്തായ കർമം, അദ്ദേഹം തന്റെ ഗോത്രത്തെ ഇസ്‌ലാമിക സൈന്യത്തിൽ ചേരാൻ ക്ഷണിച്ചതാണ്.

ബനൂത്വയ്യുടെ സൈന്യം ഖാലിദിന്റെ സൈന്യത്തിൽ ചേർന്നത് ശത്രുക്കൾക്കുണ്ടായ ആദ്യ പരാജയമായിരുന്നു. കാരണം ത്വയ്യ്ഗോത്രം അറബികളിലെ ശക്തമായ ഗോത്രങ്ങളിലാണ് എണ്ണപ്പെട്ടിരുന്നത്. മറ്റുഗോത്രങ്ങൾ അവർക്ക് പ്രാധാന്യം നൽകിയിരുന്നു. അവരുടെ ശക്തിയും ബലവും വിലമതിച്ചിരുന്നു. അവരെ ഭയപ്പെട്ടിരുന്നു. തങ്ങളുടെ പ്രദേശത്ത് അവർക്ക് അന്തസ്സും മേൽക്കോയ്മയും ഉണ്ടായിരുന്നു. അയൽഗോത്രങ്ങൾ അവരുടെ സൗഹൃദത്തിന് വേണ്ടി പരിശ്രമിച്ചിരുന്നു. *(താരീഖു ത്വബ്‌രി, വാല്യം 2, പേജ് 260, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)(അബ്ദുല്ലാഹ് ബിൻ സബാ ഔർ ദൂസരെ താരീഖി അഫ്സാനെ, വാല്യം 2-3, പേജ് 92, മുത്തർറജിം സയ്യിദ് ഖൽബീ ഹുസയ്ൻ രിള്‌വി, പ്രസാധനം 1427 ഹിജ്‌രി)(സയ്യിദുനാ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, പേജ് 138, പ്രസാധനം ശിർക്കത്ത് പ്രിന്റിംഗ് പ്രസ്സ് ലാഹോർ 2004)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 324, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ) (ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, ഉർദു തർജമ ശെയ്ഖ് അഹ്മദ് പാനിപ്പത്തി, പേജ്157) (മുഅ്ജമുൽ ബുൽദാൻ, വാല്യം 3, പേജ് 6, വാല്യം 1, പേജ് 119) (അൽമുൻജിദ്, പേജ് 585, 'ഫസ്ൽ' എന്ന പദം, പേജ് 570-571 'ഫഹ്ൽ' എന്ന പദം) (ഫർഹങ്കെ സീറത്ത്, പേജ് 157, സവാർ അക്കാഡമി കറാച്ചി)*

പിന്നീട് ഹദ്റത്ത് ഖാലിദ് ഇവിടെ നിന്ന് ജദീലയെ നേരിടുക എന്ന ഉദ്ദേശ്യത്തോടെ ഉൻസുറിലേക്ക് പുറപ്പട്ടു. ഉൻസുറും ത്വയ്യ് ഗോത്രത്തിന്റെ ഒരു അരുവിയുടെ പേരാണ്. ആ അരുവിക്ക് ചുറ്റും ആൾപാർപ്പുണ്ടായിരുന്നു. അദിയ്യ് അദ്ദേഹത്തോട് പറഞ്ഞു: ത്വൈഗോത്രത്തിന്റെ ഉദാഹരണം ഒരു പക്ഷിയുടേതാണ്. ജദീലഗോത്രം ത്വയ്യ് ഗോത്രത്തിന്റെ രണ്ടു കൈകളിൽ ഒരു കൈയാണ്. താങ്കൾ എനിക്ക് കുറച്ചു ദിവസം സാവകാശം തന്നാലും. ഒരുപക്ഷേ, അല്ലാഹു ജദീല ഗോത്രത്തേയും നേർമാർഗത്തിലാക്കും. ത്വയ്യ് ഗോത്രത്തിന്റെ മറ്റൊരു ശാഖയായ ഗൗസ് ഗോത്രം വഴികേടിൽനിന്ന് രക്ഷപ്പെട്ടതുപോലെ അവർ യുദ്ധം കൂടാതെ തന്നെ നന്നായേക്കാം. ഹദ്റത്ത് ഖാലിദ്(റ) അങ്ങനെതന്നെ ചെയ്തു. ഹദ്റത്ത് അദിയ്യ് ജദീലയുടെ അടുത്തുവന്നു. അവരുമായി തുടർച്ചയായി ചർച്ച ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അവർ ഹദ്റത്ത് അദിയ്യിന് ബയ്അത്ത് ചെയ്തു. അവർ ഇസ്‌ലാം സ്വീകരിച്ചുവെന്ന സുവാർത്ത അദ്ദേഹം ഹദ്റത്ത് ഖാലിദിന്റെ അടുക്കൽ വന്നു പറഞ്ഞു. ആ ഗോത്രത്തിലെ ആയിരം സവാരികളുമായ അദ്ദേഹം മുസ്‌ലിമീങ്ങളുടെ അടുക്കൽ വന്നു. *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 260, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)(മുഅജമുൽബുൽദാൻ, വാല്യം 1, പേജ് 314)*

ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ത്വയ്യ്ഗോത്രം ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ത്വുലയ്ഹ അസദിയുടെ അടുത്തുപോയി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ശത്രുക്കളുടെ സമീപമെത്തിയപ്പോൾ ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വിനേയും ഹദ്റത്ത് ഥാബിത്ത് ബിൻ അഖ്‌റമിനേയും ശത്രുക്കളുടെ അവസ്ഥയറിയാൻ പറഞ്ഞയച്ചു.

അവർ ശത്രുക്കളുടെ അടുക്കലെത്തി. അതേസമയം ത്വുലയ്ഹയും അയാളുടെ സഹോദരൻ സലമയും കാര്യങ്ങളറിയാൻ പുറപ്പെട്ടിരുന്നു. സലമ, ഹദ്റത്ത് ഥാബിത്തിന് സാവകാശംപോലും നല്കാതെ ശഹിദാക്കുകയുണ്ടായി. ത്വുലയ്ഹാ തന്റെ സഹോദരൻ മല്ലയുദ്ധത്തിൽനിന്ന് വിരമിച്ചുവെന്ന് കണ്ടപ്പോൾ തന്റെ എതിരാളിയായ ഉക്കാശക്കെതിരെ പൊരുതാൻ സഹായം തേടി വിളിച്ചു. ഇയാളിൽനിന്ന് തന്നെ രക്ഷിക്കൂ അല്ലെങ്കിൽ ഇയാൾ തന്നെ തിന്നുകളയുമെന്ന് പറഞ്ഞു. അങ്ങനെ അവർ രണ്ടുപേരും ചേർന്ന് ഉക്കാശയെ ആക്രമിച്ചു. അദ്ദേഹത്തെ ശഹീദാക്കിയശേഷം തിരിച്ചുപോയി.

മറ്റൊരു നിവേദനം ഇങ്ങനേയുമുണ്ട്. ഹദ്റത്ത് ഖാലിദ്, ഹദ്റത്ത് ഉക്കാശയേയും ഥാബിത് അൻസ്വാരിയേയും ശത്രുക്കളെപറ്റി അറിയാൻ പറഞ്ഞയച്ചു. ത്വുലയ്ഹയുടെ സഹോദരൻ ഹിബാൽ അവരെ കണ്ടുമുട്ടി. അവർ രണ്ടുപേരും ചേർന്ന് അദ്ദേഹത്തെ വധിച്ചു. ഇത് എത്രത്തോളം ശരിയാണെന്ന് അല്ലാഹുവിനെ അറിയാം. ഇത് ശരിയായ നിവേദനമാണെങ്കിൽ അവർ ഈ യുദ്ധത്തിന് തയ്യാറായപ്പോൾ ഏറ്റുമുട്ടുകയും കൊല്ലപ്പെടുകയും ചെയ്തതാകാം. ഏതായാലും അവർ കാര്യങ്ങൾ അറിയാനാണ് പോയത്. യുദ്ധത്തിന് പോയതല്ല. ഇതേ കുറിച്ച് അറിഞ്ഞപ്പോൾ ത്വുലയ്ഹയും സഹോദരൻ സലമയും പുറപ്പെട്ടു. ത്വുലയ്ഹ ഉക്കാശയെ ശഹീദാക്കി. അയാളുടെ സഹോദരൻ ഥാബിത്തിനേയും ശഹീദാക്കി. തിരിച്ചുപോയി. *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 261-262, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)(അൽകാമിൽ ഫിത്താരീഖ്, വാല്യം 2, പേജ് 208-209,ദാറുൽകുതുബുൽഇൽമിയ്യ 2003)*

ഹദ്റത്ത് ഖാലിദ് തന്റെ സൈന്യവുമായി മുന്നോട്ട് ഗമിച്ചു. അവർ ഥാബിത് കൊലചെയ്യപ്പെട്ട് കിടക്കുന്ന സ്ഥലത്തെത്തി. ആർക്കും അതേകുറിച്ച് അറിയില്ലായിരുന്നു. പെട്ടെന്ന് ഒരാളുടെ കാല് അദ്ദേഹത്തിന്റെ കാലിൽ തട്ടി. മുസ്‌ലിമീങ്ങൾക്ക് അതു വളരെ പ്രയാസമുണ്ടാക്കി. പിന്നെ ശ്രദ്ധിച്ചുനോക്കിയപ്പോൾ ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വനും ശഹീദായി കിടക്കു

ന്നതുകണ്ടു. അതിൽ മുസ്‌ലിമീങ്ങൾ കൂടുതൽ ദുഃഖിതരായി. അവർ പറഞ്ഞു: മുസ്‌ലിമീങ്ങളിലെ രണ്ട് വലിയ നേതാക്കന്മാരും കുതിരസവാരിക്കാരിൽ രണ്ട് കുതിരസവാരിക്കാരും ശഹീദായിരിക്കുന്നു. ഈ അവസ്ഥ കണ്ടപ്പോൾ ഹദ്റത്ത് ഖാലിദ് സൈന്യത്തെ ക്രമീകരിക്കാൻ തുടങ്ങി. അവരെ യുദ്ധ സജ്ജരാക്കി. ത്വയ്യ് ഗോത്രത്തിലേക്ക് തിരിച്ചുപോയി. ഒരു നിവേദനത്തിൽ ഹദ്റത്ത് അദിയ്യ് ബിൻ ഹാത്തിം പറയുന്നു: ഞാൻ ഹദ്റത്ത് ഖാലിദിന് ഇങ്ങനെ സന്ദേശം അയച്ചു. താങ്കൾ കുറച്ചു ദിവസം എന്റെയടുക്കൽ താമസിക്കുക. ഞാൻ ത്വയ്യുടെ എല്ലാ ഗോത്രങ്ങളിലേക്കും ആളയച്ച് താങ്കളുടെ പക്കലുള്ള മുസ്‌ലിമീങ്ങളേക്കാളും അധികം സൈനികരെ താങ്കളോടൊപ്പം ചേർക്കാം. പിന്നെ ശത്രുക്കളുമായി യുദ്ധം ചെയ്യാൻ ഞാനും താങ്കളോടൊപ്പം ചേരുന്നതാണ്. അതുകൊണ്ട് താങ്കൾ എന്റെ അടുത്തേക്ക് പുറപ്പെടുക. അതായത് ഇവിടേക്ക് വന്നു. മറ്റൊരു നിവേദനം ഇങ്ങനെയാണ്. ഹദ്റത്ത് ഖാലിദ്, സൽമ ഖസ്വബയിലെ ഉറുക് എന്ന സ്ഥലത്ത് താമസിച്ചു. മറ്റൊരു നിവേദനത്തിൽ 'അജാഅ' എന്ന സ്ഥലത്ത് തമ്പടിച്ചുവെന്നും പറയുന്നുണ്ട്. ഇവിടെനിന്ന് ഹദ്റത്ത് ഖാലിദ് ത്വുലയ്ഹയെ നേരിടാൻ തന്റെ സൈന്യത്തെ സജ്ജീകരിച്ചു. ബുസാഖായിൽ ഇരുവരും തമ്മിൽ പോരാട്ടമുണ്ടായി. ആളുകൾ യുദ്ധം ആരംഭിച്ചപ്പോൾ ഉയയ്ന, ബനൂഫസാറയുടെ 700 ആളുകളുമായി വന്ന് ത്വുലയ്ഹയോടൊപ്പം ചേർന്ന് ശക്തമായയുദ്ധം ചെയ്തു.

ഉയയ്നയും ത്വലയ്ഹയും ഒരുമിച്ചു കൂടി. അവർ മുസ്‌ലിമീങ്ങൾക്കെതിരെ യുദ്ധം ചെയ്തു. ത്വലയ്ഹ രോമംകൊണ്ടു നിർമിച്ച തന്റെ തമ്പിന് പുറത്ത് ഒരു വിരിപ്പിൽ ഇരിക്കുകയായിരുന്നു. ഇയാൾ തന്നെ നബിയാക്കി വെച്ചിരുന്നു. അതുകൊണ്ട് ഈ തമ്പിൽ ഇരിക്കുകയായിരുന്നു.തമ്പിലിരുന്ന് അദൃശ്യകാര്യങ്ങൾ നല്കിയിരുന്നു. അയാൾ പറഞ്ഞു: നിങ്ങൾ യുദ്ധം ചെയ്യുക. 'ഞാൻ ഇവിടെ ഇരുന്ന് എന്താണ് ഫലമുണ്ടാകുക എന്ന് പറയാം.' ജനങ്ങൾ യുദ്ധത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഉയയ്നക്ക് യുദ്ധത്തിൽ പ്രയാസങ്ങൾ നേരിടേണ്ടിവന്നു. അയാൾക്ക് ഭാരിച്ച നഷ്ടമുണ്ടായി. അയാൾ ത്വുലയ്ഹയുടെ അടുക്കലെത്തി ചോദിച്ചു: 'ഇതുവരെ ജിബ്‌രീൽ നിന്റെയടുക്കൽ വന്നില്ലേ? യുദ്ധത്തിൽ അടികൊണ്ടേയിരിക്കുകയാണ്. താങ്കൾക്ക് വഹ്‌യും ഇൽഹാമും ഉണ്ടാകുന്നുവെന്ന് താങ്കൾ പറയുന്നു. നീ എന്തു ചെയ്യണമെന്ന് ജിബ്‌രീൽ നിന്ക്ക് പറഞ്ഞുതരുമെന്നും പറയുന്നു. ഇനിയും ഒന്നും പറഞ്ഞുതന്നില്ലേ? ജിബ്‌രീൽ വന്നില്ലേ?' അയാൾ പറഞ്ഞു: 'ഇല്ല. ഉയയ്ന തിരിച്ചുപോയി യുദ്ധത്തിൽ വ്യാപൃതനായി. വീണ്ടും യുദ്ധത്തിന്റെ തീവ്രത അയാളെ അസ്വസ്ഥനാക്കി. അയാൾ ത്വുലയ്ഹയുടെ അടുത്തെത്തി ചോദിച്ചു: 'ജിബ്‌രീൽ ഇനിയും താങ്കളുടെ അടുത്ത് എത്തിയില്ലേ?' അയാൾ പറഞ്ഞു: 'അല്ലാഹുവാണ! ഇനിയും വന്നിട്ടില്ല.' ഉയയ്ന അല്ലാഹുവിനെ ശപഥം ചെയ്തുകൊണ്ട് ചോദിച്ചു, എപ്പോൾ വരും? നമ്മുടെ പരാജയം തീർച്ചയായികൊണ്ടിരിക്കുന്നു.' അയാൾ വീണ്ടും യുദ്ധരംഗത്തേക്ക് തിരിച്ചുപോയി. പക്ഷേ, പരാജയമാണെന്ന് കണ്ടപ്പോൾ ത്വലയ്ഹയുടെ അടുക്കൽ വീണ്ടുമെത്തി ചോദിച്ചു: 'ജിബ്‌രീൽ താങ്കളുടെ അടുക്കൽ ഇനിയും വന്നില്ലേ?' ത്വുലയ്ഹ പറഞ്ഞു: 'അദ്ദേഹം എന്നോട് ഇങ്ങനെ പറഞ്ഞു: 'നിന്റെ ആട്ടുകല്ലും അവരുടെ ആട്ടുകല്ലുപോലെ തന്നെയായിരിക്കും. നീ ഒരിക്കലും മറക്കാത്ത ഒരു സംഭവം നടക്കാൻ പോകുന്നു.' ഉയയ്ന ഇതുകേട്ടപ്പോൾ തന്റെ മനസ്സിൽ പറഞ്ഞു. ഉടൻതന്നെ ഒരു കാര്യം നടക്കാനുണ്ട്. അത് മാറ്റം വരുത്താൻ നിങ്ങൾക്കു കഴിയില്ല. പിന്നെ തന്റെ ഗോത്രത്തിനടുത്ത് വന്നിട്ട് പറഞ്ഞു: 'ഫസാറ ഗോത്രമേ! അല്ലാഹുവാണ! ഈ ത്വലയ്ഹാ പെരുങ്കള്ളനാകുന്നു. ആയതിനാൽ നിങ്ങൾ തിരിച്ചുപോകുക.' അങ്ങനെ ഫസാറ ഗോത്രം യുദ്ധത്തിൽ നിന്ന് പിൻവാങ്ങി. പരാജയപ്പെട്ടവർ ഓടി രക്ഷപ്പെടുകയും ചെയ്തു. അവർ ത്വുലയ്ഹക്ക് ചുറ്റുംകൂടി. അവർ ചോദിച്ചു: 'താങ്കൾ എന്താണ് കൽപിക്കുന്നത്?' അതിനുമുമ്പേതന്നെ ത്വുലയ്ഹാ തനിക്കുവേണ്ടി തന്റെ കുതിരയേയും തന്റെ ഭാര്യ നവാറിനുവേണ്ടി ഒട്ടകത്തേയും തയ്യാറാക്കിവെച്ചിരുന്നു. അയാളെഴുന്നേറ്റ് നിമിഷംകൊണ്ട് തന്റെ കുതിരപ്പുറത്തേക്ക് ചാടിക്കയറി പുറപ്പെട്ടു. ഭാര്യയേയും സവാരിയിൽ കയറ്റി ഓടിരക്ഷപ്പെട്ടു. അയാൾ കൂട്ടുകാരോടു പറഞ്ഞു: 'എന്നെപോലെ ചെയ്യാൻ കഴിവുള്ളവർ അങ്ങനെ ചെയ്യുകയും തങ്ങളുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും ചെയ്യുക. യുദ്ധമൈതാനത്തുനിന്ന് ഓടി രക്ഷപ്പെടുക.' ത്വുലയ്ഹാ ഹൂശിയ്യ വഴിയിലൂടെ ശാമിലെത്തി. അയാളുടെ സംഘം ചിന്നിച്ചിതറി. അല്ലാഹു അവരിൽ നിരവധിപേരെ വധിച്ചു. ചിലർ വധിക്കപ്പെട്ടു. ഒരു നിവേദനത്തിൽ പറയുന്നു: ത്വുലയ്ഹ യുദ്ധരംഗത്തുനിന്ന് ഓടി നഖ്‌യിൽ ബനു ഖൽബിന്റെ അടുക്കൽ താമസം തുടങ്ങി. അവിടെ പോയി ഇസ്‌ലാം സ്വീകരിച്ചു. നഖ്അ് ത്വായിഫിന്റെ പ്രാന്തപ്രദേശത്ത് മക്കക്ക് അടുത്തുള്ള സ്ഥലത്തിന്റെ പേരാകുന്നു. ഹദ്റത്ത് അബൂബക്റിന്റെ മരണംവരേയും അയാൾ ബനൂഖൽബിൽതന്നെ താമസിച്ചു. *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 261-262, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)(മുഅ്ജമുൽബുൽദാൻ വാല്യം 5, പേജ് 346, വാല്യം 2, പേജ് 215)*

ബനൂആമീർ തങ്ങളുടെ സാധാരണക്കാരും പ്രധാനപ്പെട്ടവരുമായ ആളുകളോടൊപ്പം അയാളുടെ അടുക്കൽ ഇരിക്കുകയായിരുന്നു. സുലയിം, ഹവാസിൻ ഗോത്രങ്ങളുടേയും അവസ്ഥ ഇതുതന്നെയായിരുന്നു. തുടർന്ന് അല്ലാഹു ബനൂഫസാറഹിനും ത്വുലയ്ഹക്കും അതിദാരുണമായി പരാജയം നല്കിയപ്പോൾ ആ ഗോത്രക്കാർ ഇങ്ങനെ പറഞ്ഞു കൊണ്ടു വന്നു: ഏതു ദീനിൽ നിന്നാണോ ഞങ്ങൾ പുറത്തുവന്നത് അതിലേക്കുതന്നെ തിരിച്ചുപോകുകയാണ്.' അവർ സ്വയം വന്ന് ഇസ്‌ലാം സ്വീകരിച്ചു. അവർ പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂൽ[സ]നേയും വിശ്വസിക്കുന്നു. ഞങ്ങളുടെ ജീവനും സ്വത്തും സംബന്ധിച്ച് അല്ലാഹുവിന്റേയും റസൂലിന്റേയും തീരുമാനം അംഗീകരിക്കുന്നു.' *(താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 260-262, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)*

താരീഖ് ത്വബ്‌രിയിലുള്ള ഒരു നിവേദനത്തിൽ പറയുന്നു: ബുസാഖായുടെ പരാജയത്തിനുശേഷം ബനൂ ആമിർ എത്തി. അവർ പറഞ്ഞു: ഞങ്ങൾ പുറത്തുവന്ന അതേ ദീനിലേക്കുതന്നെ മടങ്ങുകയാണ്.' ഹദ്റത്ത് ഖാലിദ്[റ] അസദ്, ഗത്ഫാൻ ത്വയ്യ് എന്നിവരിൽനിന്ന് ബയ്അത്ത് സ്വീകരിച്ചതുപോലെ ഇവരിൽനിന്നും അതേ നിബന്ധനയോടെ ബയ്അത്ത് സ്വീകരിച്ചു. എല്ലാവരും ഇസ്‌ലാം സ്വീകരിക്കണമെന്ന നിബന്ധനയിൽ അനുസരണ പ്രതിജ്ഞ ചെയ്തു. ആ ബയ്അത്തിന്റെ വാക്കുകൾ ഇങ്ങനെയായിരുന്നു: 'നിങ്ങളിൽ നിന്ന് അല്ലാഹുവിനോടുള്ള പ്രതിജ്ഞയും കരാറും വാങ്ങുന്നു. നിങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നതാണ്. നമസ്കാരം നിർവഹിക്കുന്നതാണ്. തീർച്ചയായും സക്കാത്ത് കൊടുക്കുന്നതാണ്. ഇക്കാര്യങ്ങളിൽ നിങ്ങൾ നിങ്ങളുടെ ഭാര്യമാരുടേയും മക്കളുടേയും ബയ്അത്തും ചെയ്യേണ്ടതാണ്.' അവർ സമ്മതമാണെന്ന് പറഞ്ഞു. *(അൽകാമിൽ ഫിത്താരീഖ്, വാല്യം 2, പേജ് 210-211, ദാറുൽകുതുബുൽ ഇൽമിയ്യ 2003)*

ഹദ്റത്ത് ഖാലിദ്[റ] അസദ്, ഗത്ഫാൻ, ഹവാസിൻ, സുലൈം, ത്വയ്യ് ഗോത്രങ്ങളുടെ ബയ്അത്ത്, അവർ ആ ആളുകളെയെല്ലാം

ശേഷം പേജ് 7 ൽ

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 22 പേജ് 12, കോളം 2-ൽനിന്ന്)

**പാർലമെന്റംഗങ്ങളുമായി മീറ്റിംഗ്**

**ഹുദൂറിന്റെ പ്രഭാഷണം**

**2019 ഒക്ടോബർ 22 തിങ്കളാഴ്ച:**

തുടർന്ന് 07.40-ന് ഹുദൂർ വേദിയെ അഭിമുഖീകരിച്ച് ഇംഗ്ലീഷിൽ പ്രഭാഷണം നിർവഹിച്ചു.

ആദരണീയരായ എല്ലാ അതിഥികൾക്കും **അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.** അല്ലാഹു നിങ്ങളെല്ലാവരുടേയുമേൽ സമാധാനവും കാരുണ്യവും വർഷിക്കുമാറാകട്ടെ.

ആദരണീയരായ നിങ്ങൾക്കെല്ലാവർക്കും ആദ്യമായി ഞാൻ നന്ദി പറയട്ടെ. നമ്മുടെ ക്ഷണം സ്വീകരിച്ച് നിങ്ങൾ ഇന്നത്തെ ഈ സായാഹ്ന പരിപാടിയിൽ പങ്കെടുക്കാനെത്തിയിരിക്കുകയാണ്. പൊതുവെ ലോകത്താകമാനവും വിശിഷ്യാ പാശ്ചാത്യലോകത്തും ഇക്കാലഘട്ടത്തിൽ അഭയാർഥികളെ കുറിച്ചും സമൂഹത്തിൽ അവർ സൃഷ്ടിക്കുന്ന അനുരണനങ്ങളെ കുറിച്ചും ചർച്ച നടക്കുന്നു. ഈ ചർച്ചയുടെ സിംഹഭാഗവും മുസ്‌ലിമീങ്ങളുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. ചില ഭരണകൂടങ്ങൾ, എന്നല്ല, പൊതു ജനവും സംസ്കാരങ്ങളുടെ സംഘട്ടനത്തിൽ ഭീതിയിലാണ്. മുസ്‌ലിമീങ്ങൾക്ക് പാശ്ചാത്യ ജനതയുടെ ഭാഗമായി തീരാനുള്ള ക്ഷമതയില്ലെന്ന് മാത്രമല്ല, സമൂഹത്തിന് ഭീഷണിയാണെന്നും ഇവർ മനസ്സിലാക്കുന്നു.

ഈ പ്രശ്നത്തെ കുറിച്ച് സംസാരിക്കുന്നതിന്നു മുമ്പേ നാഗരികതയെ കുറിച്ച്, അതിന്റെ യഥാർഥ പൊരുളെന്താണെന്ന് വിശദമാക്കേണ്ടത് അനിവാര്യമാണ്. പൂർണമായും ഞാനും യോജിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഇതിന്നു നല്കിയ മറുപടി സമർപ്പിക്കുകയാണ്. "ഏതൊരു സമൂഹത്തിന്റേയും ഭൗതിക പുരോഗതിയാണ് ഇതുകൊണ്ട് അർഥമാക്കുന്നതെന്നാണ് ഇതിന്നു നല്കിയ വ്യാഖ്യാനം. ക്ഷേമം നിറഞ്ഞ ജീവിതം, സാങ്കേതികമായ കണ്ടുപിടിത്തങ്ങൾ, ട്രാൻസ്പോർട്ട്, കയറ്റിറക്ക് മാർഗങ്ങൾ, വാർത്താവിനിമയ മാർഗങ്ങൾ, വിജ്ഞാന പുരോഗതി ഏതെങ്കിലും നാഗരികതയുടെ പുരോഗതിയെ അറിയിക്കുന്ന പ്രവൃത്തികളാണ്. സൈനിക ശക്തി, ചട്ടം അല്ലെങ്കിൽ സമാധാനവും ശാന്തിയും സ്ഥാപിതമാക്കാൻവേണ്ടി എടുക്കുന്ന നീക്കങ്ങളേയും സംസ്കാരിക പുരോഗതിയുടെ നിലവാരമായി വിശേഷിപ്പിക്കപ്പെടുന്നു.

നാഗരികതയെ കൂടാതെ സമൂഹത്തിലെ വ്യക്തികളുടെ വീക്ഷണങ്ങളും സാമൂഹിക പ്രശ്നങ്ങളെ കുറിച്ചുള്ള അവരുടെ മാതൃകകളും പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതായ മറ്റൊന്നാണ് സംസ്കാരം എന്നത്. സംസ്കാരത്തിന്റെ അവലംബം ഭൗതിക പുരോഗതികൾക്കു പകരം ഏതു ജനതയുടേയും വ്യക്തികളുടേയും സ്വഭാവ വൈശിഷ്ട്യങ്ങളും മതപരമായ മൂല്യങ്ങളും ചര്യകളുമാണ്.

ഒരു ഭാഗത്ത് ഭൗതികവും സാങ്കേതികവും വൈജ്ഞാനികവുമായ പുരോഗതിയുടെ നാമമാണ് നാഗരികതയെങ്കിൽ മറുഭാഗത്ത് മതപരവും സ്വഭാവപരവും ചിന്താപരവുമായ മാതൃകകളുടെ നിദർശനമാണ് സംസ്കാരം. നാഗരികതയുടേയും സംസ്കാരത്തിന്റേയും ഈ വ്യത്യാസം ക്രൈസ്തവ മതത്തിന്റെ ആരംഭകാല ചരിത്രത്തിൽനിന്നു മനസ്സിലാക്കാൻ സാധിക്കും. അക്കാലഘട്ടത്തിൽ റോമൻ ഭരണകൂടം അതിന്റെ ശക്തിയിൽ അത്തുംഗശൃംഗത്തിലായിരുന്നു. എന്നല്ല, ഇന്നും അത് ലോക ചരിത്രത്തിലെ മഹത്തരമായ നാഗരികതകളിൽ എണ്ണപ്പെടുന്നു. ഭൗതികമായ പുരോഗതിയിലും നാഗരികമായ സൗകര്യത്തിലും ഭരണപരമായ സംവിധാനത്തിലും റോമൻ ഭരണകൂടത്തെ ഉന്നത ശ്രേണിയിലുള്ള നാഗരികതയും വിജ്ഞാനവും കരസ്ഥമാക്കിയവർ എന്ന് അംഗീകരിക്കപ്പെടുന്നു.

എന്നാൽ, പ്രത്യക്ഷമായ ഈ മഹത്ത്വം അവരുടെ സ്വഭാവപരമായ നിലവാരത്തിനോട് ചേരുന്നതായിരുന്നില്ല. കാരണം ക്രൈസ്തവ മതത്തിന്റെ ആരംഭകാലഘട്ടത്തിൽ അതിലെ പൗരന്മാർക്ക് പുരോഗതി കൈവരിക്കാനുള്ള താൽപര്യങ്ങൾ ഉടലെടുത്തിരുന്നു. ക്രൈസ്തവമതം മതപരമായ തത്ത്വങ്ങളുടെ വെളിച്ചത്തിൽ അവർക്ക് മാർഗദർശനം നല്കി വന്നു. റോമൻ ഭരണകൂടത്തിന്റെ പരിപാലകർ ഭൗതിക നിയമങ്ങളും ചട്ടങ്ങളും ഏർപ്പെടുത്തി വന്നു.

റോമക്കാരുടെ ഭൗതിക പുരോഗതി അവരുടെ നാഗരികതയുടെ നിദർശനമായിരുന്നപ്പോൾ ക്രിസ്തുമതം അവരെ ഉത്തമമായ സംസ്കൃതിയിലേക്ക് വഴി നടത്തി. കാലത്തിനോടൊപ്പം ക്രിസ്തുമതം റോമൻ ഭരണകൂടത്തിന്റെ വിജയിച്ച മതമായി മാറി. അങ്ങനെ അവരുടെ നാഗരികത ക്രൈസ്തവ സംസ്കരത്തെ സ്വന്തമാക്കി. ഈ സംയോജനവും അതിന്റെ ശക്തിമത്തായ അനുരണനങ്ങളും മാതൃകകളും മൂലതത്ത്വങ്ങളും മതത്തിൽനിന്നു വിദൂരമായിട്ടുപോലും ഇന്നും പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമായിരിക്കുന്നു.

ഇനി എമിഗ്രേഷനെ കുറിച്ചുള്ള ചർച്ചയിലേക്ക് വരാം. ചില പാശ്ചാത്യ രാജ്യങ്ങളുടെ സാമൂഹികമായ എണ്ണത്തിൽ വളരെ വലിയ മാറ്റം പ്രകടമാകുന്നു. ഒരുപാടു രാജ്യങ്ങളിൽനിന്നു അഭയാർഥികൾ ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. എന്നാൽ, യഥാർഥ അസ്വസ്ഥതയ്ക്കു കാരണം ഈ രാജ്യങ്ങളിൽ മുസ്‌ലിമീങ്ങളുടെ താമസമായി തീർന്നിരിക്കുന്നു. മാതൃരാജ്യത്തിൽനിന്നു മുസ്‌ലിമീങ്ങളുടെ ഈ പാശ്ചാത്യ രാജ്യങ്ങളിലേക്കുള്ള അഭയംതേടിയുള്ള പ്രവാഹം നൂറ്റാണ്ടുകളായുള്ള പുരാതന നാഗരികതയ്ക്കും സംസ്കാരത്തിനും മൂല്യങ്ങൾക്കും ഭീഷണി ഉളവാക്കുന്നതാണ്.

ഞാൻസൂചിപ്പിച്ചതുപോലെസംസ്കാരത്തെനമ്മൾ ഭൗതിക പുരോഗതി എന്ന് ധരിച്ചു വെച്ചിരിക്കുകയാണ്. പാശ്ചാത്യ സംസ്കാരത്തിനോടുള്ള വിരോധമോ അതിനെ തള്ളിപ്പറയലോ അവഗണിക്കലോ ഇല്ലാതായിരിക്കുന്നുവെന്ന് മാത്രമല്ല, പുരോഗതി കൈവരിച്ചു വരുന്ന ജനതതികൾ ഈ സംസ്കൃതിയിലേക്ക് ചാഞ്ഞുവരുന്നു. പാശ്ചാത്യ സംസ്കാരം അപകടത്തിലാകുന്നതു പോയിട്ട് യഥാർഥത്തിൽ അതിനു നേരേവിപരീതമായ കാര്യമാണ് കണ്ടുവരുന്നത്.

യാത്രകളും ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും ലോകത്തെ ഒരു ആഗോള ഗ്രാമമാക്കി മാറ്റിയിരിക്കുകയാണ്. ടെലിവിഷനും ഇതര വാർത്താവിനിമയ മാർഗങ്ങളും വിശിഷ്യാ ഇന്റർനെറ്റിന്റെ സാന്നിധ്യം ഇപ്പോൾ ഒന്നും രഹസ്യമല്ലാതാക്കി. ജീവിത സാഹചര്യങ്ങളിൽ പതിതാവസ്ഥയിലുള്ള രാഷ്ട്രങ്ങളിൽ നിവസിക്കുന്ന ജനങ്ങൾക്ക് പുരോഗതി കൈവരിച്ച രാജ്യങ്ങളിലെ സാമൂഹിക ജീവിതത്തെ ദർശിക്കാൻ സാധിക്കുന്നു. പാശ്ചാത്യ ജീവിത രീതിയുടെ സ്വാധീനം സ്വീകരിച്ചുകൊണ്ട് ഇവരും ഭൗതിക പുരോഗതിയുടെ ഇതേ നിലവാരം കൈവരിക്കാൻ മോഹിക്കുന്നു.

അതുകൊണ്ട്, പാശ്ചാത്യ സമൂഹത്തിൽ അഥവാ യൂറോപ്പിൽ മുസ്‌ലിമീങ്ങളുടെ സാന്നിധ്യം മുഖേന ഭീതി നിലനില്ക്കുന്നുവെന്ന വാദത്തിന് പ്രസക്തി ഇല്ലാതായിരിക്കുന്നു. എന്നു മാത്രമല്ല, പാശ്ചാത്യ നാഗരികത മുസ്‌ലിം ലോകത്ത് ഉൾപ്പെടെ എല്ലാ പ്രദേശങ്ങളിലും സ്വാധീനം ഉറപ്പിച്ചിരിക്കുകയാണ്. ഇസ്‌ലാം വ്യാപിക്കുന്നതു മുഖേന യൂറോപ്പിന്റെ മതരംഗത്തിനും സ്വഭാവ സംസ്കാരത്തിനും അപകടമുണ്ടാകുമെന്നുള്ളത് ഒരു ന്യായമായ ചിന്തക്ക് വിഷയീഭവിക്കേണ്ട ആശങ്കയാണ്. ഇനി ഞാൻ ഇതിലേക്കുവരാം.

ജനങ്ങൾ മതത്തിൽനിന്നു അകന്നുപോകുന്നുവെന്നത് നിഷേധിക്കാനാവാത്ത ഒരു യാഥാർഥ്യമാണ്. പാശ്ചാത്യ ലോകത്താകട്ടെ ഈ രീതി ആശങ്ക ജനിപ്പിക്കുന്ന അളവോളം വർധിച്ചിരിക്കുന്നു. മതത്തിലേക്കും ദൈവത്തിലേക്കും താൽപര്യം പ്രകടിപ്പിക്കുന്ന വ്യക്തികളുടെ എണ്ണം താഴ്ന്നുകൊണ്ടിരിക്കുന്നു എന്നാണ് പാശ്ചാത്യരാഷ്ട്രങ്ങളിൽ നടത്തിയ കാനേഷുമാരിയിൽനിന്നു സ്ഥാപിതമാകുന്നത്. ഇസ്‌ലാമിനെ അപേക്ഷിച്ച് നിർമതത്വമാണ് പാശ്ചാത്യ സംസ്കാരം നേരിടുന്ന വലിയ ഭീഷണി എന്നാണ് എന്റെ അഭിപ്രായം. പാശ്ചാത്യ മൂല്യങ്ങൾ നൂറ്റാണ്ടുകളോളം പുരാതനമാണ്. ഇവയുടെ അടിസ്ഥാനങ്ങൾ വിശിഷ്യാ മതപരമായ രീതികൾ ക്രൈസ്തവ, യഹൂദ പാരമ്പര്യങ്ങളിലാണ് നിലകൊള്ളുന്നത്. ഈ മതപരമായ മൂല്യങ്ങളും സംസ്കാരിക പരിച്ഛേദവും തികച്ചും ദീനിനും മതത്തിനും വിരുദ്ധമായി നില്ക്കുന്നവരുടെ പിടിയിലാണ്.

നിങ്ങൾ സ്വന്തം സംസ്കാരത്തേയും പാരമ്പര്യങ്ങളേയും സംരക്ഷിക്കുന്നതിനും മതപരമായ താൽപര്യങ്ങളിൽ വരുന്ന അപചയത്തെ തടുക്കുന്നതിനും ക്രിസ്തുമതമോ യഹൂദമതമോ ഏതായാലും ജനങ്ങളെ താന്താങ്ങളുടെ മതങ്ങളിലേക്ക് മടക്കിക്കൊണ്ടു വരുന്നതിനും കേന്ദ്രീകരിക്കാനും സ്വന്തം ഊർജവും ശ്രമങ്ങളും ഉപയോഗിക്കണമെന്നുമാണ് ഒരു മതനേതാവ് എന്ന നിലയിൽ

ഞാൻ അഭിപ്രായപ്പെടുന്നത്. പുരോഗതിയുടെ പേരും പറഞ്ഞ് നൂറ്റാണ്ടുകളായി സമൂഹത്തിന്റെ ഭാഗമായിട്ടുള്ള സ്വഭാവപരമായ നിലവാരവും മൂല്യങ്ങളും ഉപേക്ഷിക്കുക എന്നത് ഒരു വിധത്തിലും ശരിയല്ല. പാശ്ചാത്യ ലോകത്ത് മതപരമായ താൽപര്യത്തിൽ വന്നിട്ടുള്ള അപചയം കാരണത്താൽതന്നെയാണ് ജനങ്ങൾ ഇസ്‌ലാമിനെ കുറിച്ച് ഭീതിയിലായിട്ടുള്ളതെന്നതും എന്റെ വിചാരമാണ്. കാരണം, മുസ്‌ലിമീങ്ങൾ പൊതുവേ തങ്ങളുടെ മതവുമായി ബന്ധപ്പെട്ടു നിൽക്കുന്നവരാണെന്ന് അവർക്കറിയാം. ഈ സാഹചര്യങ്ങളുടേയും വെളിച്ചത്തിൽ നിങ്ങൾ മീഡിയായിൽ എന്തു വായിച്ചാലും കേട്ടാലും ശരി ഇസ്‌ലാമിനെ സംബന്ധിച്ച് ഭീതികാണിക്കേണ്ട ഒരു കാരണവുമില്ലെന്ന് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. മുസ്‌ലിമീങ്ങൾ വിശുദ്ധ ഖുർആനിനെ സമ്പൂർണവും കൃത്യമായതുമായ മതാ ധ്യാപനമെന്ന് അംഗീകരിക്കുന്നു. മതം ഓരോ വ്യക്തിയുടേയും ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണെന്നും വ്യക്തി അധിഷ്ഠിതമാണെന്നും വിശുദ്ധ ഖുർആനോടു പുലർത്തുന്ന സ്നേഹവും അനുസരണവും കാരണത്താൽ നമ്മൾ വിശ്വസിക്കുന്നു.

മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ലെന്ന വ്യക്തമായ കൽപന വിശുദ്ധ ഖുർആനിലെ രണ്ടാം അധ്യായത്തിലെ 257-ാം വചനത്തിൽ നല്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മുസ്‌ലിമീങ്ങൾ നിർബന്ധപൂർവം തങ്ങളുടെ വിശ്വാസങ്ങൾ വ്യാപിപ്പിക്കുമെന്നും അല്ലെങ്കിൽ സ്വന്തം വീക്ഷണങ്ങളെ ഈ ഭൂഭാഗത്ത് അടിച്ചേല്പ്പിക്കുമെന്നും മറ്റും അമുസ്‌ലിമീങ്ങൾ ഒരിക്കലും ഭയപ്പെടേണ്ട കാര്യമില്ല. തീവ്രവാദത്തിന്റെ വഴി സ്വീകരിച്ചിട്ടുള്ള ഒരു ചെറുവിഭാഗം നാമമാത്ര മുസ്‌ലിമീങ്ങളുടെ അധ്യാപനങ്ങൾ വിശുദ്ധ ഖുർആനിനെ പ്രതിനിധാനം ചെയ്യുന്നില്ല. മുസ്‌ലിമീങ്ങൾ ചെയ്താലും അമുസ്‌ലിമീങ്ങൾ ചെയ്താലും ഭരണകൂടങ്ങളും അധികാര കേന്ദ്രങ്ങളും തീവ്രവാദത്തെ ശക്തമായി തടുക്കണമെന്ന് ഞാൻ പലപ്പോഴും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

ഇസ്‌ലാം ഒരു രൂപത്തിലും നിർബന്ധമോ ശക്തിയോ പ്രയോഗിച്ചു മതം പ്രചരിപ്പിക്കാൻ അനുവാദം നൽകുന്നില്ലെന്നാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന നിലയിൽ നമ്മുടെ വിശ്വാസം. ഇതിനു ശേഷവും ഇസ്‌ലാമിനെ സംബന്ധിച്ച് ഭീതി പുലർത്തേണ്ടുന്ന എന്തു കാരണമാണ് ബാക്കിയുള്ളത്? അതിന്റെ നാഗരികതയോ സംസ്കാരമോ ഇസ്‌ലാമിന്റെ കൈകളിൽ അപകടത്തിലാണെന്ന് എന്തിന് കരുതണം?

നാഗരികതയും സംസ്കാരവും തമ്മിലുള്ള ഇസ്‌ലാമിക വീക്ഷണത്തിലുള്ള വ്യത്യാസം വിശദമാക്കിയതിനുശേഷം ഇസ്‌ലാമിന്റെ ചില അടിസ്ഥാന അധ്യാപനങ്ങൾ വിശദീകരിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇസ്‌ലാമിനേയും അതിന്റെ സ്ഥാപകരേയും കുറിച്ച് ധാരാളം ഊഹാപോഹങ്ങളും തെറ്റായധാരണകളും വ്യാപകമാക്കപ്പെട്ടിരിക്കുന്നു. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇസ്‌ലാമികാധ്യാപനത്തിന്റെ എല്ലാ വശങ്ങളേയും വിശദമാക്കുക അസാധ്യമാണ്. എന്നിരുന്നാലും മനുഷ്യാവകാശങ്ങൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഇസ്‌ലാമിന്റെ ചില അധ്യാപനങ്ങൾ വിശദീകരിക്കുകയാണ്.

മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട് വിശുദ്ധ ഖുർആനിലെ നാലാം അധ്യായം 37-ാം വചനം വളരെ പ്രാധാന്യമുള്ളതാണ്. അല്ലാഹു പറയുന്നു: നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, മറ്റൊന്നിനേയും അവനോടു പങ്ക് ചേർക്കരുത്. മാതാപിതാക്കൾക്കു നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽ വാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ,യാത്രക്കാരൻ,നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക.

ഈ വചനത്തിൽ ഒരു ഭാഗത്ത് തന്നെ ആരാധിക്കാൻ അല്ലാഹു മുസ്‌ലിമീങ്ങളോട് കല്പിക്കുമ്പോൾ മറുഭാഗത്ത് മാതാപിതാക്കളോടു സ്നേഹാനുകമ്പയോടെ പെരുമാറാനും ഉപദേശിച്ചിരിക്കുന്നു. മാതാപിതാക്കളോടു സ്നേഹവും നന്മയും കാണിക്കണമെന്ന മുസ്‌ലിമീങ്ങളോടുള്ള ഈ അധ്യാപനം ഏതെങ്കിലും മതവുമായോ ജനതയുമായോ ഏറ്റുമുട്ടുന്നതാകുമോ? ബന്ധുക്കളോടും മിത്രങ്ങളോടും അലിവോടും സ്നേഹത്തോടും പെരുമാറണമെന്നും ഈ ആയത്ത് മുസ്‌ലിമീങ്ങളോട് ആവശ്യപ്പെടുന്നു. അനാഥകൾക്കും സമൂഹത്തിലെ മറ്റു അഗതികൾക്കും സുഖവും ക്ഷേമവും എത്തിക്കാനും അത് ആവശ്യപ്പെടുന്നു.

അഗതികളെ സഹായിക്കുന്ന വിഷയത്തിൽ സുപ്രധാന മാർഗ്ഗം വിദ്യാഭ്യാസമാണെന്നാണ് നമ്മുടെ വിശ്വാസം. പ്രതിസന്ധികളിൽ ഉഴലുന്ന ആളുകൾക്ക് അഥവാ ദാരിദ്ര്യം ബാധിക്കുന്ന സമൂഹത്തിലെ ജനങ്ങൾക്ക് വിദ്യ അഭ്യസിക്കാനുള്ള സൗകര്യം നല്കിയാൽ കഷ്ടപ്പാടുകളുടെ ചുഴിയിൽനിന്നു രക്ഷ നല്കാൻ സാധിക്കുന്നതാണ്. അത്തരം യുവാക്കൾക്ക് അവസരങ്ങൾ പ്രാപ്തമാവുകയും നിരാശയിൽ നിന്നും നിർഭാഗ്യതയിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചുകൊണ്ട് കുറ്റവാളികളാകുന്നതിനു പകരം സമൂ

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

മുസ്‌ലിമീങ്ങളെ ഏല്പിക്കുന്നതുവരെ സ്വീകരിച്ചില്ല. അവർ ഇർത്തദാദ് അതായത് മതപരിത്യാഗം ചെയ്ത അവസ്ഥയിൽ തങ്ങളുടെ താമസസ്ഥലത്തുള്ള മുസ്‌ലിമീങ്ങളെ ദ്രോഹിക്കുകയും അഗ്നിക്കിരയാക്കുകയും മൃതദേഹങ്ങൾ വികൃതമാക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് ഖാലിദ് അവരിൽ മുസ്‌ലിമീങ്ങൾക്ക് നഷ്ടം വരുത്തുകയും കൊല ചെയ്യുകയും വീടുകളെ അഗ്നിക്കിരയാക്കുകയും മുസ്‌ലിമീങ്ങളെ ചുട്ടെരിക്കുകയും അവരുടെ മൃതദേഹങ്ങൾ വികൃതമാക്കുകയും ചെയ്തവരെ ഹാജരാക്കുന്നതുവരെ അവരുടെ ബയ്അത്ത് സ്വീകരിച്ചില്ല. പ്രസ്തുത കുറ്റവാളികളെ ഹാജരാക്കുക! തുടർന്ന് പ്രസ്തുത ഗോത്രങ്ങൾ അത്തരക്കാരായ ആളുകളെ ഹദ്റത്ത് ഖാലിദിനെ ഏൽപിച്ചശേഷമാണ് അവരുടെ ബയ്അത്ത് ഹദ്റത്ത് ഖാലിദ്[റ] സ്വീകരിച്ചത്. മുസ്‌ലിമീങ്ങളെ ദ്രോഹിച്ചവരുടെ അവയവങ്ങൾ ഛേദിക്കുകയും അവരെ അഗ്നിക്കിരയാക്കുകയും ചെയ്തിരുന്നു. *(അൽഇസ്തിഖ്സാ ലി അഖ്ബാരി ദൗലിൽമഗ്‌രിബിൽഅഖ്സാ, ഭാഗം1, പേജ് 76, ദാറുൽകിതാബ് 1997)*

എന്തായാലും കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചു കഴിഞ്ഞതുപോലെ അവർ ചെയ്തതിന് അതേ നാണയത്തിൽ അവരോടും പെരുമാറുകയുണ്ടായി.

ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് എഴുതിയ ഒരു കത്തിനെ കുറിച്ച് പരാമർശിക്കുകയാണ്. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, ഖുർറ ബിൻ ഹുബയ്റയേയും കൂട്ടുകാരേയും കയറുകൊണ്ടുകെട്ടി. അവരെ ബന്ദികളാക്കി. പിന്നീട് ഹദ്റത്ത് അബൂബക്റിന്റെ അടുത്ത് അയച്ചു. അദ്ദേഹത്തിന് ഇങ്ങനെ എഴുതി: 'ബനൂ ആമിർ, ഇസ്‌ലാമിൽനിന്ന് പിന്തിരിയുകയും കാത്തിരിക്കുകയും ചെയ്തതിനുശേഷം വീണ്ടും ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു. ഞാൻ യുദ്ധം ചെയ്ത ഗോത്രങ്ങൾ, അതല്ലെങ്കിൽ രഞ്ജിപ്പിലെത്തിയ ഗോത്രങ്ങളിൽനിന്ന് മുസ്‌ലിമീങ്ങളെ കൊണ്ടുവരികയും അവരെ ശിക്ഷിക്കുകയും ചെയ്യാതെ മറ്റുള്ളവരുടെ ബയ്അത്ത് ഞാൻ സ്വീകരിച്ചിട്ടില്ല. ഖുർറയേയും, സുഹൃത്തുക്കളേയും താങ്കളുടെ സന്നിധിയിലേക്ക് അയക്കുന്നു.'

ഹദ്റത്ത് അബൂബക്റും ഖാലിദിന് ഒരു കത്തെഴുതുകയുണ്ടായി. അത് നാഫിയിൽനിന്ന് നിവേദനം. ഹദ്റത്ത് അബൂബക്ർ ഈ കത്തിന് മറുപടിയായി ഹദ്റത്ത് ഖാലിദിന് എഴുതി. നിങ്ങൾ ചെയ്തതിനും നിങ്ങൾക്ക് ലഭിച്ച വിജയങ്ങൾക്കും അല്ലാഹു നിങ്ങൾക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. നിങ്ങൾ എല്ലാ കാര്യങ്ങളിലും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുക. ***ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂൻ***(16:129) സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു.

നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ നല്ലപോലെ പ്രയത്നിക്കുക. അലംഭാവം കാണിക്കരുത്. മുസ്‌ലിമീങ്ങളെ കൊന്നവരെ കൈയിൽ കിട്ടിയാൽ വധിക്കുക. മറ്റുള്ളവർക്ക് പാഠമാകുന്ന വിധത്തിൽ വധിക്കുക. അല്ലാഹുവിനെ ധിക്കരിക്കുകയും ഇസ്‌ലാമിനോട് ശത്രുത കാണിക്കുകയും ചെയ്യുന്നവരെ വധിക്കുന്നതുകൊണ്ട് ഇസ്‌ലാമിന് പ്രയോജനമുണ്ടാകുമെങ്കിൽ അവരെ വധിക്കാവുന്നതാണ്. ഹദ്റത്ത് ഖാലിദ്[റ] ഒരുമാസം ബുസാഖയിൽ താമസിച്ചു. ഇത്തരത്തിലുള്ള ആളുകളെ അന്വേഷിച്ച് കണ്ടെത്തി തടങ്കല്ലിലാക്കി. ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ നിർദ്ദേശപ്രകാരം അവർക്ക് കഠിനശിക്ഷയും നൽകുകയുണ്ടായി.

ഖുർറ ബിൻ ഹുബയ്റയും ഉയയ്ന ബിൻ ഹ്സ്വിനും ബന്ദികളായി മദീനയിൽ വന്നത് സംബന്ധിച്ച് താരീഖ് ത്വബ്‌രിയിൽ പറയുന്നു: 'ഹദ്റത്ത് ഖാലിദ്, ബനൂ ആമിറിന്റെ കാര്യത്തിൽ തീരുമാനമാക്കിയശേഷം

അവരിൽനിന്ന് ബയ്അത്ത് സ്വീകരിച്ചു. ഉയയ്ന ബിൻ ഹിസ്വിനേയും ഖുർറ ബിൻ ഹുബയ്റിനെയും ബന്ദികളാക്കി ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിൽ അയച്ചു. അവർ ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിൽ ഹാജരായപ്പോൾ ഖുർറ പറഞ്ഞു: 'അല്ലയോ ഖലീഫത്തുൽ റസൂൽ[സ]! ഞാൻ മുസ്‌ലിമാകുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്ഞാൻ മുസ്‌ലിമാകുന്നു. ഹദ്റത്ത് അംർബിൻ ആസ് ഞാൻ മുസ്‌ലിമാണെന്നതിന് സാക്ഷിയാകുന്നു. അദ്ദേഹം എന്റെ അടുത്ത് യാത്രക്കിടയിൽ വന്നതായിരുന്നു. ഞാൻ അദ്ദേഹത്തെ എന്റെ അതിഥിയാക്കി സ്വീകരിച്ചു. അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അദ്ദേഹത്തെ സംരക്ഷിച്ചു. ഹദ്റത്ത് അബൂബക്ർ[റ], ഹദ്റത്ത് അംറ് ബിൻ ആസിനെ വിളിച്ചുവരുത്തി ഇക്കാര്യത്തിൽ സാക്ഷ്യം ആവശ്യപ്പെട്ടു. ഹദ്റത്ത് അംറ് എല്ലാ കാര്യങ്ങളും വിശദീകരിച്ചു. ഖുർറ പറഞ്ഞതെല്ലാം വിശദമാക്കി. തുടർന്ന് സക്കാത്തിനെ പറ്റി അയാളുടെ നിലപാട് പറയാൻ തുടങ്ങിയപ്പോൾ ഖുർറ പറഞ്ഞു. നിറുത്തുവിൻ തുടർന്ന് വിവരിക്കേണ്ട. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അത് സാധ്യമല്ല. ഞാൻ എല്ലാ കാര്യങ്ങളും ഹദ്റത്ത് അബൂബക്റിനോട് പറയുന്നതാണ്. അങ്ങനെ അദ്ദേഹം എല്ലാ കാര്യങ്ങളും വിവരിച്ചു. ഖുർറ സക്കാത്തിനെ സംബന്ധിച്ച് ആദ്യം പറഞ്ഞു. അത് ആവശ്യപ്പെടുന്നത് അവസാനിപ്പിക്കണം. അങ്ങനെയാണെങ്കിൽ അറബികൾ കാര്യം അംഗീകരിക്കുന്നതാണ്. അതായത് സക്കാത്ത് വാങ്ങരുത്. അപ്പോൾ ഹദ്റത്ത് അംറ് പറഞ്ഞു. നിങ്ങൾ കാഫിറായിരിക്കുന്നു. ഖുർറ പറഞ്ഞു: നിങ്ങൾ ഒരു സമയം നിശ്ചയിക്കുക. അതിന്നിടയിൽ ഞങ്ങൾ സക്കാത്ത് നൽകണമോ എന്നതിനെ പറ്റി ചർച്ച ചെയ്ത് തീരുമാനിക്കാം. ഹദ്റത്ത് അബൂബക്ർ അയാൾക്ക് മാപ്പ് നൽകി. ഏതായാലും അയാൾ പറഞ്ഞതൊക്കെ കേട്ടെങ്കിലും ഹദ്റത്ത് അബൂബക്ർ[റ] അയാൾക്ക് മാപ്പ് കൊടുക്കുകയും അയാളെ ജീവിക്കാനനുവദിക്കുകയും ചെയ്തു.

ഉയയ്ന ബിൻ ഹിസ്വിന് രണ്ട് കൈകളും കയർകൊണ്ട് കെട്ടി കഴുത്തിലേക്ക് ബന്ധിച്ച നിലയിലാണ് വന്നത്. മദീനയിൽ കുട്ടികൾ അയാളെ ഈന്തപ്പന ശാഖകൾകൊണ്ട് ശല്യപ്പെടുത്തി ഇങ്ങനെ ചോദിച്ചിരുന്നു. അല്ലാഹുവിന്റെ ശത്രു! നീ വിശ്വസിച്ചശേഷം കാഫിറായില്ലേ? അയാൾ പറഞ്ഞു. 'അല്ലാഹുവാണ! ഞാൻ ഇത് വിശ്വസിച്ചിട്ടേയില്ല. അബൂബക്ർ അയാൾക്ക് മാപ്പ് കൊടുക്കുകയും ജീവിക്കാൻ വിടുകയും ചെയ്തു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 263-264, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)*

ഒരു ഗ്രന്ഥകാരൻ എഴുതുന്നു: ഉയയ്നയെ ഖലീഫത്തുർറസൂൽ[സ] അബൂബക്ർ[റ]ന്റെ സവിധത്തിൽ എത്തിച്ചു. അയാൾ ഹദ്റത്ത് അബൂബക്റിൽനിന്ന് കണ്ട പൊറുമയുടെ പെരുമാറ്റം അയാൾ പ്രതീക്ഷച്ചതല്ലായിരുന്നു. അദ്ദേഹം അയാളുടെ കൈകൾ രക്ഷിക്കാൻ കൽപിച്ചു. പിന്നെ അയാളോട് തൗബ ചെയ്യാൻ ആവശ്യപ്പെട്ടു. ഉയയ്ന സ്വച്ഛമായ തൗബ ചെയ്യുന്നതായി പ്രഖ്യാപിക്കുകയും തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞ് ഖേദം പ്രകടിപ്പിക്കുയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഇസ്‌ലാമിൽ നല്ലപോലെ അടിയുറച്ച് നിന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദി സ്വലാബി മുത്തർറജിം പേജ് 326, മക്തബത്തുൽഫുർഖാൻ മുള്ഫർ ഗഢ്, പാക്കിസ്താൻ)*

കള്ള പ്രവാചകവാദിയും കലാപകാരിയുമായ ത്വുലയ്ഹ അസദിയും ഇസ്‌ലാം സ്വീകരിച്ചു. അതു സംബന്ധിച്ച് എഴുതുന്നു: ത്വുലയ്ഹ അസദി ഇസ്‌ലാം സ്വീകരിക്കാൻ നിമിത്തമായതെന്തെന്നാൽ അസദ്, ഗത്ഫാൻ, ബനൂആമിർ ഗോത്രങ്ങൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ അയാളും മുസ്‌ലിമായി. പിന്നെ അയാൾ ഹദ്റത്ത് അബൂബകറിന്റെ കാലത്ത് ഉംറ ചെയ്യാൻ മക്കയിലേക്ക് പുറപ്പെട്ടു. അയാൾ മദീനയുടെ പ്രാന്തപ്രദേശങ്ങളിലൂടെ നീങ്ങുമ്പോൾ ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: 'ഇത് ത്വുലയ്ഹ ആകുന്നു. ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു: ഞാൻ അയാളെ എന്ത് ചെയ്യാനാണ്? അയാളെ വിട്ടയക്കൂ. അല്ലാഹു തീർച്ചയായും അയാൾക്ക് ഇസ്‌ലാമിലേക്ക് മാർഗ്ഗദർശനം നൽകിയിരിക്കുന്നു. ത്വുലയ്ഹ മക്കയിലേക്ക് പോയി. ഉംറ ചെയ്തു. പിന്നെ ഹദ്റത്ത് ഉമർ ഖലീഫയായശേഷം അദ്ദേഹത്തിന് ബയ്അത്ത് ചെയ്യാൻ വന്നു. അങ്ങനെ ഹദ്റത്ത് ഉമറിന് ബയ്അത്ത് ചെയ്തു. ഹദ്റത്ത് ഉമർ[റ] പറഞ്ഞു: 'നിങ്ങൾ ഉക്കാശയുടേയും ഥാബിത്തിന്റേയും ഘാതകനാകുന്നു. അല്ലാഹുവാണ! ഞാൻ നിന്നെ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ത്വുലയ്ഹ പറഞ്ഞു:' അല്ലയോ അമീറുൽ മുഅ്മിനീൻ! താങ്കൾ അവരെ രണ്ടുപേരെ പറ്റി എന്തിനാണ് വേവലാതിപെടുന്നത്? അവർക്ക് അല്ലാഹു എന്റെ കൈകളാൽ അന്തസ് നൽകിയിരിക്കുന്നു. ശഹീദായി. എന്നെ അവരുടെ കൈകളാൽ നിന്ദ്യനാക്കിയില്ല. അതായത് ഞാൻ നിന്ദ്യനായില്ല, അവരുടെ ആക്രമണത്താൽ ഞാൻ മരണപ്പെട്ടില്ല. ഞാൻ നരകത്തിൽ പോകുമായിരുന്നു. ഇന്ന് ഞാൻ ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവനായി മാറി. ഹദ്റത്ത് ഉമർ[റ] അയാളുടെ ബയ്അത്ത് സ്വീകരിച്ചു. എന്നിട്ട് പറഞ്ഞു: അല്ലയോ വഞ്ചിക്കുന്നവനേ! നിന്റെ ജ്യോതിഷത്തിൽ അതായത് നീ ജ്യോതിഷം ചെയ്യുന്നുണ്ടായിരുന്നു. അത് ഇപ്പോഴും ഉണ്ടോ? അതിൽ ഇനി എന്താണ് അവശേഷിച്ചിട്ടുള്ളത്? അയാൾ പറഞ്ഞു: ഞാൻ ഒന്ന് രണ്ട് ഊത്ത് ഊതുന്നതാണ്. പിന്നെ അയാൾ തന്റെ ഗോത്രത്തിൽ താമസസ്ഥലത്തേക്ക് പോയി. അവിടെതന്നെ താമസിച്ചു.*(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 264, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)*

ഇറാഖ് യുദ്ധത്തിൽ ത്വുലയ്ഹ ഇറാനികൾക്കെതിരിൽ ഉന്നതമായ സേവനമാണ് ചെയ്തത്. മുസ്‌ലിമായശേഷം യുദ്ധത്തിൽ പങ്കെടുത്തു. നല്ലപോലെ പോരാടി. നഹാവൻദ് യുദ്ധത്തിൽ ഹിജ്റ 21-ൽ ശഹീദായി. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 144, ബുക് കോർണർ ഷോറൂം, ബുക് സ്ട്രീറ്റ് ഝലം, പാക്കിസ്താൻ)(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 3, പേജ് 441, ദാറുൽകുതുബുൽഇൽമിയ്യ ബെയറുത്ത് 2005)*

ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ വിജയം. ഇതൊരു പ്രദേശമാണ്. ഈ ഭാഗത്ത് പോകകയും ഉമ്മി സിമിൽ സൽമാ ബിൻത് ഉമ്മി ഖിർഫയുടെ ഭാഗത്ത് മുന്നേറ്റവും. ഉമ്മു സിമലിന്റെ പേര് സൽമ ബിൻത് മാലിക് ബിൻ ഹുദയ്ഫ എന്നായിരുന്നു. അവർ തന്റെ മാതാവ് ഉമ്മി ഖിർഫ ബിൻത് റബീഅയുമായി സാദൃശ്യമുള്ള വരായിരുന്നു. അവർ അന്തസ്സിലും പ്രസിദ്ധിയിലും തന്റെ മാതാവിനെ പോലെതന്നെയായിരുന്നു. അവരുടെ പക്കൽ ഉമ്മി ഖിർഫയുടെ ഒട്ടകവുമുണ്ടായിരുന്നു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 265, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ ബെയ്റുത്ത് 2012)*

ഉമ്മു ഖിർഫയുടെ പേര് ഫാത്വിമ ബിൻത് റബീഅ എന്നായിരുന്നു. അവർ ബനൂ ഫസാറയുടെ നേതാവായിരുന്നു. ഈ സ്ത്രീ തന്റെ ശക്തിയും സംരക്ഷണ സംവിധാനവും മുഖേന അതുല്യയായിരുന്നു. അമ്പത് വാളുകൾ അവർ തയ്യാറാക്കി തന്റെ വീട്ടിൽ തൂക്കിയിരുന്നു. 50 ആയുധ ധാരികളായ പോരാളികൾ എല്ലാ സമയത്തും അവിടെ ഉണ്ടാകുമായിരുന്നു. ഇവരെല്ലാം അവരുടെ മക്കളും പേരമക്കളുമാണ്. അവരുടെ ഒരു മകന്റെ പേര് ഖിർഫ എന്നായിരുന്നു. അതുകൊണ്ട് അവരുടെ വിളിപ്പേര് ഉമ്മു


ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

**ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)


• അല്ലാഹുവിന്റെ കലാം •

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*


ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഖിർഫ എന്നായി. എന്നാൽ, ശരിയായ പേര് ഫാതിമ ബിൻത് റബീഅ എന്നായിരുന്നു. അവരുടെ വീട് വാദിയുൽ ഖുറായുടെ ഒരു ഭാഗത്തായിരുന്നു. അത് പരിശുദ്ധമദീനയിൽനിന്ന് ഏഴുരാത്രി സഞ്ചാര ദൂരത്തായിരുന്നു. *(പേഗമ്പരെ ഇസ്‌ലാം ഔർ ഗസ്‌വാത്ത് വ സറായഃ, ഹക്കീം മഹ്മൂദ് അഹ്മദ് ള്വഫ്ർ, പേജ് 447, പ്രസാധകർ ശഫീഖ് പ്രസ്സ്)*

ഉമ്മിഖിർഫയിലേക്ക് ഒരു സൈനിക നടപടി ഹിജ്റ 6-ൽ ഉണ്ടായി. ഉമ്മിഖിർഫയ്ക്കെതിരിലുള്ള നടപടിക്ക് ഒരു കാരണം അവർ മദീനയെ ആക്രമിക്കാൻ ശ്രമിച്ചതും നബി(സ)തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടതുമായിരുന്നു. ഇതുസംബന്ധമായി ഒരു ഗ്രന്ഥകാരൻ എഴുതുന്നു: 'ഒരിക്കൽ അവർ തങ്ങളുടെ 30 മക്കളും പേരമക്കളും അടങ്ങുന്ന ഒരു സൈന്യത്തെ തയ്യാറാക്കി. മദീനയെ ആക്രമിക്കാനും നബി(സ)തിരുമേനിയെ വധിക്കാനും അവരോടു പറഞ്ഞു. അതുകൊണ്ട് മുസ്‌ലിമീങ്ങൾ ഈ ഫിത്ന ഉണ്ടാക്കുന്ന സ്ത്രീയെ ശിക്ഷിച്ചു. രണ്ടാമത്തെ കാരണം എന്തെന്നാൽ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ്(റ) കച്ചവടസംഘത്തോടൊപ്പം ശാമിലേക്ക് പുറപ്പെട്ടു. അദ്ദേഹത്തിന്റെ പക്കൽ മറ്റു സ്വഹാബാക്കളുടെ കച്ചവടസാധനങ്ങളുമുണ്ടായിരുന്നു. വാദിയുൽ ഖുറയിൽ എത്തിയപ്പോൾ ഫസാറ ഗോത്രത്തിന്റെ ശാഖയായ ബനൂബദ്റിന്റെ നിരവധിയാളുകൾ വന്നു. അവർ സയ്ദിനേയും സുഹൃത്തുക്കളേയും കഠിനമായി മർദ്ദിച്ചു. എല്ലാ സാധനസാമഗ്രികളും പിടിച്ചു പറിക്കുകയും ചെയ്തു. അവർ തിരിച്ചെത്തി എല്ലാ കാര്യങ്ങളും നബി(സ)തിരുമേനിയോടു പറഞ്ഞു. നബി(സ)തിരുമേനി ഒരു സൈന്യത്തെ ആ കൊള്ളക്കാരെ നശിപ്പിക്കുന്നതിനുവേണ്ടി അയച്ചു. *(ളിയാഉന്നബി(സ), പീർ മുഹമ്മദു അക്റം ശാഹുൽ അസ്ഹരി, വാള്യം 4, പേജ് 120, പ്രസാധകർ ളിയാഉൽഖുർആൻ പബ്ലിക്കേഷൻസ് ലാഹോർ)*

ഉമ്മി ഖിർഫയുടെ മകൾ ഉമ്മി സിമിൽ സൽമയുടെ സംഭവം ഇപ്രകാരമായിരുന്നു. ഗത്ഫാൻ, ത്വയ്യ്, സുലയിം, ഹവാസിൻ ഗോത്രങ്ങളിലെ ചിലർ ബുസാഖയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ കൈയാൽ പരാജിതരായി. അവൻ ഓടിരക്ഷപ്പെട്ട് സിമിൽ സൽമാ ബിൻത് മാലിക്കിന്റെ അടുക്കലെത്തി. അവരോടൊപ്പം മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധം ചെയ്തു ജീവൻ ത്യജിക്കാമെന്ന് അവർ വാഗ്ദാനം ചെയ്തിരുന്നു; ഒരിക്കലും പിന്തിരിഞ്ഞോടുകയില്ല. *(സീറത്ത് സയ്യിദുനാ സിദ്ദീഖെ അക്ബർ(റ) മൻസൂബ് ബിഹി ഉസ്താദ് ഉമർ അബുന്നസ്ർ പേജ് 610, മുശ്താഖ് ബുക് കോർണർ, ഉർദു ബസാർ ലാഹോർ)*

ഗത്ഫാനിൽ പരാജിതായവർ 'ള്വഫ്ർ' എന്ന സ്ഥലത്ത് ഒരുമിച്ചുകൂടി. ള്വഫ്ർ ബസ്റയ്ക്കും മദീനയ്ക്കുമിടയിലുള്ള ഒരു സ്ഥലമാണ്. ഇത് ഹവാബിനടുത്തുള്ള ഒരു സ്ഥലമാണ്. ഹവാബും മദീനയ്ക്കും ബസ്വറക്കുമിടയിലുള്ള സ്ഥലമാണ്. അവിടെ ഒരു കിണറുണ്ട്. ഉമ്മു സിമൽ സൽമാ അവരുടെ പരാജയത്തിൽ അവരെ പ്രചോദിപ്പിച്ചുകൊണ്ട് യുദ്ധം ചെയ്യാൻ കല്പിച്ചു. തുടർന്ന് സ്വയം വിവിധ ഗോത്രങ്ങളിൽ കൂടെക്കൂടെ പോയി ഹദ്റത്ത് ഖാലിദുമായി യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അവർ ആ സ്ത്രീയുടെ അടുക്കൽ ഒരുമിച്ചുകൂടി. അവർ യുദ്ധത്തിനു ധൈര്യം പകർന്നു.

ഇവർ യുദ്ധത്തിന് പ്രേരിപ്പിച്ചവരായിരുന്നു. മുസ്‌ലിമീങ്ങൾക്കെതിരിൽ എല്ലാ ഭാഗത്തുനിന്നും വഴിതെറ്റിയവർ ഇവർക്ക് ചുറ്റും ഒരുമിച്ചുകൂടി. അതിനു മുമ്പേ ഉമ്മി ഖർഫയുടെ ജീവിതകാലത്ത് ഉമ്മി സമൽ സൽമാ ബന്ധനസ്ഥയാക്കപ്പെട്ട് ഹദ്റത്ത് ആയിശക്ക് കിട്ടിയിരുന്നു. അവർ ആ സ്ത്രീയെ മോചിപ്പിച്ചു. കുറച്ചുകാലം അവരുടെ കൂടെ കഴിഞ്ഞശേഷം തന്റെ ഗോത്രത്തിലേക്ക് പോയി മൂർത്തദ്ദായി. *(അൽകാമിൽഫിത്താരിഖ്, വാള്യം 2, പേജ് 211, ദാറുൽകുതുബുൽഇൽമിയ്യ,2003) (അൽമുഅ്ജമുൽബുൽദാൻ, വാള്യം 4, പേജ് 68, വാള്യം 2, പേജ് 360)*

ഹദ്റത്ത് ഖാലിദ്(റ) ഇതേപറ്റി അറിഞ്ഞപ്പോൾ കുറ്റവാളികളെ തുറങ്കിലടക്കാനും സക്കാത്ത് മേടിക്കാനും ഇസ്‌ലാമിലേക്ക് ക്ഷണിക്കാനും വ്യാപൃതനായിരുന്നു. അദ്ദേഹം ഉമ്മി സിമൽ സൽമായെ നേരിടാൻ മുന്നോട്ടുപോയി. അപ്പോഴേക്കും അവരുടെ പ്രൗഢിയും പ്രതാപവും വർധിച്ചിരുന്നു. അവരുടെ കാര്യം ഏറെ കഠോരമായിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഖാലിദ് അവരേയും അവരുടെ സംഘത്തേയും നേരിടാൻ മുന്നോട്ടു ഗമിച്ചു. ശക്തമായ യുദ്ധം നടന്നു. ഉമ്മി സിമൽ സൽമാ തന്റെ മാതാവിനെപോലെ പ്രതാപത്തോടെ തന്റെ മാതാവിന്റെ ഒട്ടകത്തിൽ യാത്ര ചെയ്യുകയായിരുന്നു. രണ്ടു സൈന്യങ്ങളും തമ്മിൽ ഉഗ്രയുദ്ധം നടന്നു. ഉമ്മി സിമൽ ഒട്ടകപ്പുറത്തേറി ആവേശകരമായ പ്രസംഗങ്ങളുമായി സൈന്യത്തെ ആവേശം കൊള്ളിച്ചുകൊണ്ടിരുന്നു. മുർത്തദ്ദീങ്ങളും നല്ലപോലെ യുദ്ധം ചെയ്തു. ഉമ്മി സിമലിന്റെ ഒട്ടകത്തിനു ചുറ്റും 100 ഒട്ടകങ്ങളും അവയിൽ വലിയ യോദ്ധാക്കളും സവാരി ചെയ്യുകയായിരുന്നു. അവർ വളരെ ശക്തമായി ഉമ്മിസിമലിനെ സംരക്ഷിക്കുകയായിരുന്നു. അശ്വാരൂഢരായ മുസ്‌ലിമീങ്ങൾ ഉമ്മി സിലമിന്റെ അടുത്തെത്താൻ ആവുന്നത്ര പരിശ്രമിച്ചു. എന്നാൽ, അവരുടെ സംരക്ഷകർ എപ്പോഴും അവരെ പിന്നിലേക്ക് തള്ളിനീക്കിക്കൊണ്ടിരുന്നു. 100 പേരേയും വധിച്ചശേഷം മുസ്‌ലിമീങ്ങൾ ഒടുവിൽ ഉമ്മി സിമലിന്റെ ഒട്ടകത്തിന്റെ അടുക്കലെത്തി. അവിടെ എത്തിയതും അവർ ഒട്ടകത്തിന്റെ പിൻകാലുകൾ വെട്ടിമാറ്റി. ഉമ്മി സിമൽ വധിക്കപ്പെട്ടു. ഒട്ടകം വീഴുന്നതും അവർ വധിക്കപ്പെടുന്നതും കൂടെയുള്ളവർ കണ്ടപ്പോൾ ഹതാശരായി യുദ്ധസ്ഥലത്തുനിന്ന് ഓടാൻ തുടങ്ങി. അങ്ങനെ ഫിത്നയുടെ തീ തണുത്തു. അറേബ്യൻ ദ്വീപിന്റെ വടക്കു-കിഴക്കൻ മേഖലയിൽ മതനിരാസവും കലാപവും കെട്ടടങ്ങി. ഹദ്റത്ത് ഖാലിദ്, ഹദ്റത്ത് അബൂബക്റിന് വിജയവാർത്ത അയക്കുകയും ചെയ്തു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 265, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012)*

ഹദ്റത്ത് അബൂബക്റിനെ കുറിച്ചുള്ള സ്മരണ ഇൻശാഅല്ലാഹ് ഇനിയും തുടരുന്നതാണ്. ഇതിപ്പോൾ ഇവിടെ നിറുത്തുകയാണ്. ഈ സമയത്ത് ഞാൻ രണ്ടു പരേതാത്മക്കളേയും സ്മരിക്കുകയാണ്. ജുമുഅ നമസ്കാരത്തിനുശേഷം അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്.

ആദ്യത്തെ അനുസ്മരണം സിയാൽക്കോട്ടിലെ റഫീഖ് അഹ്മദ് ബട്ട് സാഹിബിന്റെ ഭാര്യ സ്വാബിറ ബീഗം സാഹിബയെ കുറിച്ചാണ്. അവർ കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ കൃപയാൽ മുസിയ ആയിരുന്നു. പരേതയെ കുറിച്ച് അവരുടെ മകൻ എഴുതുന്നു, നമസ്കാരം കൃത്യമായി നിർവഹിക്കുമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുമായിരുന്നു.ദുആ ചെയ്യുന്ന ശീലമുള്ളവരും, അതിഥികളെ സൽക്കരിക്കുന്നതിൽ താൽപരയും ദരിദ്രരെ സഹായിക്കുന്നവരും സൽപ്രകൃതക്കാരിയുമായിരുന്നു. ഖിലാഫത്തിനോടു അഗാധബന്ധമായിരുന്നു. വിശ്വാസപരമായ ബന്ധമായിരുന്നു. പതിവായി ഖുത്ബ കേൾക്കുമായിരുന്നു. വാഖ്ഫീനെ സിന്ദഗിമാരെ വളരെ ആദരിച്ചിരുന്നു. അവരുടെ മകൻ നസീം ബട്ട് സാഹിബ് കഡുനാ(Kaduna) നൈജീരിയായിലെ മുബല്ലിഗാണ്. കർമരംഗത്തായ കാരണത്താൽ തന്റെ മാതാവിന്റെ ജനാസയിലും ഖബറടക്കത്തിലും പങ്കെടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് അവരുടെ ജനാസ നമസ്കരിപ്പിക്കുകയാണ്. അവരുടെ മുഴുവൻ കുടുംബവും അവരുടെ ഭർത്താവും അവരുടെ മറ്റുള്ള മക്കളും പൗത്രന്മാരുമെല്ലാം ദീനീ സേവനത്തിൽ മുൻപന്തിയിലാണ്.

രണ്ടാമത്തെ അനുസ്മരണം ഥുറയ്യ റശീദ് സാഹിബയെ കുറിച്ചാണ്. പരേത റശീദ് അഹ്മദ് ബാജ് വാ സാഹിബിന്റെ ഭാര്യയായിരുന്നു. ഏപ്രിൽ 20 ന് കനഡയിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവരും വളരെ സാത്വികയായിരുന്നു. തഖ്‌വായുള്ളവരും ദുആ ചെയ്യുന്നവരും ദരിദ്രരെ സഹായിക്കുന്നവരും അതിഥിസൽക്കാര പ്രിയയും എല്ലാവരോടും ഇടപഴകുന്നവരുമായിരുന്നു. കാലങ്ങളായി അവർക്ക് തന്റെ മുഹല്ലയിലെ ലജ്ന സ്വദ്റായി ഖിദ്മത്ത് ചെയ്യാൻ തൗഫീഖു കിട്ടി. കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാനും അവർക്ക് ഒരുപാടു തൗഫീഖുകിട്ടി. പിന്നീട് റബ്‌വയിൽ വന്നു. തന്റെ കുട്ടികളുടെ വിദ്യാഭ്യാസവും ശിക്ഷണവും കാരണത്താൽ തന്റേതായ എല്ലാ വിറ്റിട്ടാണ് റബ്‌വയിൽ വന്ന് തന്റെ വീടു വെച്ചത്. പരേത മൂസിയ ആയിരുന്നു. അവരുടേയും ഒരു മകൻ സഫീർ ബാജ് വാ സാഹിബ് റബ്‌വയിൽ ജമാഅത്തിന്റെ മുറബ്ബിയാണ്. ഒരു മകളും മുറബ്ബിയുടെ ഭാര്യയാണ്.

അല്ലാഹു ഇവരിരുവരോടും പൊറുമയോടും കരുണയോടുംകൂടി പെരുമാറട്ടെ. അവരുടെ മക്കൾക്കും അവരുടെ തലമുറകൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖു നല്കുമാറാകട്ടെ.

...☆...☆☆...☆...

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം; കാലത്തിന്റെ ആവശ്യകതയുടെ വെളിച്ചത്തിൽ

മൻസ്വൂർ അഹ്മദ് മസ്റൂർ

പതിനാലാം നൂറ്റാണ്ടിന്റെ കാലഘട്ടം ഇസ്ലാമിന് എത്രത്തോളം അപകടവും ദുർഘടവും നിറഞ്ഞ കാലഘട്ടമായിരുന്നെന്നാൽ തത്തുല്യമായ ഒരു സ്ഥിതിവിശേഷം പൂർവകാലത്തെങ്ങും കാണപ്പെടുകയില്ല. രണ്ടുവിധത്തിൽ ഇസ്ലാമിന് കഠിനമായ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. ഒന്ന് ആന്തരികമായിട്ടുള്ളതാണ്. അതിൽ മുസ്ലിംകൾ പരിപൂർണമായും ഇസ്ലാമിൽനിന്ന് ദൂരപ്പെട്ടിട്ടുണ്ടായിരുന്നു. രണ്ടാമത്തേത് പുറത്തുനിന്ന് ഇസ്ലാമിന്റെമേലുണ്ടായ മറ്റു മതങ്ങളുടെ ശക്തിമത്തായ ആക്രമണമായിരുന്നു. മുസ്ലിംകളുടെ ആന്തരികമായ ദുർഗതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവരുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥ അങ്ങേയറ്റം നാശമായിരുന്നു. നോമ്പ്, ഹജ്ജ്, സക്കാത്ത് മുതലായവയുമായി അവർക്ക് വിദൂരബന്ധം പോലുമുണ്ടായിരുന്നില്ല. വിശുദ്ധഖുർആൻ പാഴ്വസ്തുപോലെ പിൻപുറം തള്ളപ്പെട്ടു. ലക്ഷക്കണക്കിനാളുകൾ കലിമപോലും അറിയാത്തവരായിത്തീർന്നു. വിശ്വാസത്തിന്റെ സ്ഥിതി ഇതായിരുന്നു. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും മലക്കുകളിലും, വിശുദ്ധ ഖുർആനെ സംബന്ധിച്ചും അവർക്കിടയിലുണ്ടായ വിശ്വാസം നിമിത്തം ഇസ്ലാമിന് പ്രതിസന്ധിയുണ്ടാക്കിത്തീർത്തു. മുസ്ലിം പണ്ഡിതന്മാർ ഇസ്ലാമിന്റെ കടവേരറുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പൊതുജനങ്ങളാവട്ടെ വന്യജീവികളെപോലെയായിത്തീർന്നു. ധനാഢ്യന്മാർ സുഖലോലുപജീവിതത്തിൽ മുഴുകി. നീതി നടത്തേണ്ടവർ വഞ്ചകരായിത്തീർന്നു. മുസ്ലിംകളുടെ പ്രത്യേകതയായിരുന്ന സ്പഷ്ടമായ ധാർമികഗുണങ്ങൾ അവരിൽനിന്നും ഇന്ന് അങ്ങേയറ്റം വിദൂരത്തായിത്തീർന്നിരിക്കുന്നു. ഇസ്ലാമിന്റെ ഏതെല്ലാം കാര്യങ്ങളാണ് ജനങ്ങൾ ഉപേക്ഷിച്ചതെന്നുപോലും ഇന്ന് ചർച്ചചെയ്യപ്പെടുന്നില്ല. മറിച്ച്, ഇന്നത്തെ മുസ്ലിംകളിൽ ഇസ്ലാമിന്റെ വല്ലതും അവശേഷിക്കുന്നുണ്ടോ എന്ന ചോദ്യമാണ് കേൾക്കുന്നത്. ഇനി നമ്മൾ ഇസ്ലാമിന്റെ പുറത്തുനിന്ന് ഇസ്ലാമിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എടുക്കുകയാണെങ്കിൽ നാനാഭാഗത്തുനിന്നും ഇസ്ലമ ആക്ഷേപങ്ങൾക്ക് കുറിമാനമാക്കപ്പെടുകയാണ്. ലക്ഷക്കണക്കായ ആരോപങ്ങൾ ഇസ്ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്നു. അതിനുവേണ്ടി കോടിക്കണക്കായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ഒരുഭാഗത്ത് മുസ്ലിം രാജ്യങ്ങൾ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുമ്പോൾ മറുഭാഗത്ത് എല്ലാവിധമായ ആഭ്യന്തരകുഴപ്പങ്ങളും നാശങ്ങളും വിതച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾ ഭരണകൂടത്തിന്റെയും ഭരണകൂടം പൊതുജനങ്ങളുടെയും രക്തത്തിന് വേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്നു.

സയ്യ്ദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഓ സത്യാന്വേഷികളെ! ചിന്തിച്ചുനോക്കുവിൻ. ഇസ്ലാമിന് അനുഗുണമായി ദൈവികസഹായം അനിവാര്യമായി വന്ന സമയമല്ലേ ഇത്. ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് ഇസ്ലാമിനെ വലയം ചെയ്തിരിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞുകഴിഞ്ഞില്ലേ. എത്രയെത്ര ആളുകളാണ് ഇസ്ലാമിൽനിന്ന് പുറത്തുപോയത്. എത്രമാത്രം ആളുകളാണ് ക്രിസ്ത്യാനികളിൽ ചെന്ന്ചേർന്നത്. എത്രമാത്രം ആളുകൾ നാസ്തികരും പ്രകൃതിവാദികളുമായി മാറി. ശിർക്കും നൂതനചിന്താഗതികളും തൗഹീദിന്റേയും സുന്നത്തിന്റേയും സ്ഥാനം അടക്കിവാഴുന്നു. ഇസ്ലാമിനെ ഖണ്ഡിച്ചുകൊണ്ട് എത്രയെത്ര ഗ്രന്ഥങ്ങളാണ് രചിക്കപ്പെടുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളത്. അതിനാൽ നിങ്ങൾ ചിന്തിച്ചശേഷം മറുപടി പറയുക. ഈ നൂറ്റാണ്ടിൽ ഇസ്ലാമിന്റേമേൽ പുറത്തുനിന്നുണ്ടാകുന്ന ആക്രമണങ്ങളെ പ്രതിരോധിക്കാൻ അല്ലാഹുവിൽനിന്ന് ഒരു വ്യക്തി ആഗതനാവേണ്ടത് അനിവാര്യമായിരുന്നില്ലേ? അൽപം ശിരസ്സുയർത്തിനോക്കുവിൻ. ഇസ്ലാമിനെ ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് വളഞ്ഞുവെച്ചിരിക്കുന്നത്. നാനാഭാഗത്തുനിന്നും ശത്രുപക്ഷത്തുനിന്നുള്ള ശരങ്ങൾ ഇസ്ലാമിനെതിരിൽ തൊടുത്തുകൊണ്ടിരിക്കുന്നു. കോടിക്കണക്കായ എത്ര ആത്മാക്കളെയാണ് ഈ വിഷം ബാധിച്ചിട്ടുള്ളത്. വൈജ്ഞാനികവും ബുദ്ധിപരവും തത്ത്വജ്ഞാനപരവുമായ കൊടുങ്കാറ്റുകളും കുതന്ത്രങ്ങളുടെ കൊടുങ്കാറ്റും ആഞ്ഞടിച്ചുകഴിഞ്ഞു. കുത്സിതപദ്ധതികളുടെയും ആജ്ഞാലംഘനത്തിന്റെയും അരാചകത്വത്തിന്റെയും പ്രലോഭനങ്ങളുടെയും അത്യാഗ്രഹങ്ങളുടയും കോളിളക്കങ്ങൾ അടിച്ചുയരുന്നു. നാസ്തികതയുടെയും നിരീശ്വരവാദത്തിന്റെയും സൃഷ്ടിപൂജയുടെയും നൂതനവാദത്തിന്റെയും പ്രളയം സർവതലങ്ങളിലും ബാധിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള കൊടുങ്കാറ്റുകളിലേക്ക് അൽപം ദൃഷ്ടി തുറന്നുനോക്കുവിൻ. നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ ഇത്തരം കോളിളക്കങ്ങളുടെ ഒരുദാഹരണം കഴിഞ്ഞകാലങ്ങളിൽ ഏതെങ്കിലുമൊരു കാലത്ത് എടുത്ത് കാണിക്കാൻ സാധിക്കുമോ?" *(ആയിനയെ കമാലാത്തെ ഇസ്ലാം, പേജ്. 252)*

ഇത്രയും ശക്തിമത്തായ ആവശ്യം നേരിട്ടുകൊണ്ടിരിക്കുന്ന ഇത്തരമൊരു കാലഘട്ടത്തിൽ മുഹമ്മദ് നബി(സ)യുടെ സുവാർത്തകൾ പഠിച്ച് മുസ്ലിംകളുടെ മാർഗദർശനത്തിനുവേണ്ടി അവരെ സൽപന്ഥാവിലൂടെ നയിക്കുന്നതിന് മഹ്ദി മസീഹിന്റെ ആവിർഭാവം അനിവാര്യമായിരുന്നു. നബി(സ)തിരുമേനിയുടെ സുവാർത്ത ഇപ്രകാരമായിരുന്നു: പ്രിയമുസ്ലിംകളേ, ഇബ്നു മർയം നിങ്ങളിൽ ഇറങ്ങുന്നകാലം നിങ്ങളുടെ സന്തോഷകാലമായിരിക്കും. അദ്ദേഹം മുഖേന ഇസ്ലാമിനുണ്ടാകുന്ന സാർവ്വലൗകിക വിജയത്തെക്കുറിച്ചുള്ള സുവിശേഷം നബി(സ)തിരുമേനി തന്റെ ഉമ്മത്തിന് നൽകി. എല്ലാ പുണ്യാത്മാക്കളും ഐകകണ്ഠ്യേന വാഗ്ദത്ത മസീഹ് പതിനാലാം നൂറ്റാണ്ടിൽ ആഗതനാകുമെന്ന് ഉൽഘോഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ദൂതരുടെ പ്രവചനവും സമുദായ നേതാക്കളുടെ ദിവ്യദർശനങ്ങളുമനുസരിച്ച് കൃത്യസമയത്ത് പതിനാലാം നൂറ്റാണ്ടിൽതന്നെ അത് സംഭവിച്ചു. കൃത്യമായ ആവശ്യമുള്ള സമയത്തുതന്നെ അല്ലാഹു മുഹമ്മദിയ്യാ ഉമ്മത്തിനുമേൽ അങ്ങേയറ്റം കരുണചെയ്തുകൊണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യെ വാഗ്ദത്ത മഹ്ദി ഇമാമും മസീഹുമായി നിയോഗിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: 'ഇസ്ലാമിക വിശ്വാസങ്ങൾ ഭിന്നാഭിപ്രായങ്ങൾകൊണ്ട് നിറഞ്ഞുകിടന്നിരുന്ന അവസരത്തിലാണ് ഞാൻ നിയോഗിതനായിരിക്കുന്നത്. ഒരു വിശ്വാസവും തർക്കവിമുക്തമല്ലായിരുന്നു. ഞാൻ എന്റെ സത്യതയിലേക്ക് മറ്റേതെങ്കിലും തെളിവ് കാണിക്കേണ്ടതുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, കാലത്തിന്റെ ആവശ്യംതന്നെ സ്വയം തെളിവായിരിക്കുകയത്രെ." *(ഇറൂറത്തുൽ ഇമാം, പേജ് 495)*

'ഭൂമിയിൽ അധിവസിക്കുന്ന മുഴുവനാളുകൾക്കും വേണ്ടിയാണ് ഞാൻ നിയുക്തനായിട്ടുള്ളത്. അത് ഏഷ്യയിലുള്ളവരാകട്ടെ, യൂറോപ്പിലുള്ളവരാകട്ടെ, അതല്ല അമേരിക്കയിലുള്ളവരാകട്ടെ." *(തിർയാഖുൽ ഖുലൂഖ്, റൂഹാനി ഖസാഇൻ, വാള്യം 15, പേജ് 515)*

'ഈ കാലഘട്ടത്തിലുള്ള ജനങ്ങളെ എന്നിലേക്ക് വിളിക്കുക മാത്രമല്ല ഞാൻ ചെയ്യുന്നത്, മറിച്ച് കാലഘട്ടം തന്നെയാണ് എന്നെ വിളിച്ചത്. നിങ്ങൾ സത്യവിശ്വാസമുള്ളവരാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷാപൂർവ്വം കാത്തുകാത്തിരുന്ന ശേഷം അപ്രത്യക്ഷമായോ എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി അതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി. മനുഷ്യനെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രസ്താവിക്കുന്നതു നിറുത്തിവെക്കുവാൻ എനിക്കാവുകയില്ല.' *(ഫത്ഹെ ഇസ്ലാം, റൂഹാനീ ഖസാഇൻ, വാള്യം 3. പേജ് 8)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവസഹായത്തിന്റെ ചില കാര്യങ്ങളെ കുറിച്ചാണ് ഞാൻ ഇനി പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഏകദേശം നാൽപത് വയസ്സ് പ്രായമായപ്പോൾ അല്ലാഹു അദ്ദേഹത്തെ ദിവ്യബോധനത്തിലൂടെ അലയ്സല്ലാഹുബികാഫിൻ അബ്ദഹു എന്ന വെളിപാടറിയിച്ചു. ദൈവികപിന്തുണയുടെയും സഹായത്തിന്റെയും ആദ്യ ദിവ്യബോധനമായിരുന്നു ഇത്. ഇതിനുശേഷം അടിക്കടി അല്ലാഹു പിന്തുണച്ചുകൊണ്ടും സഹായിച്ചുകൊണ്ടുമുള്ള ദിവ്യബോധനങ്ങളും വിജയത്തേയും മുന്നേറ്റത്തെയും കുറിച്ചുള്ള വാഗ്ദാനങ്ങളും അദ്ദേഹത്തിന് നൽകിക്കൊണ്ടിരുന്നു. പിന്നീട് ജീവിതകാലം മുഴുവനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ മഹത്തായ പിന്തുണയും സഹായവും ലഭിച്ചുകൊണ്ടേയിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച അല്ലാഹുവിന്റെ അതിമഹത്തായ ഒരു സഹായത്തെക്കുറിച്ച് വിവരിക്കാം. അതാണ് സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം. സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനി പ്രവചിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ സത്യവാനായ മഹ്ദി വാദമുന്നയിക്കുമ്പോൾ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് രേഖയായി അല്ലാഹു സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാക്കുന്ന ദൃഷ്ടാന്തം ആകാശലോകത്ത് വെളിപ്പെടുത്തും. അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചതുമുതൽ ഇന്നേവരെ ഒരു പ്രവാചകവാദിക്കും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് ഉണ്ടാക്കിയിട്ടില്ലാത്ത ദൃഷ്ടാന്തമായിരിക്കും ആ സൂര്യചന്ദ്രഗ്രഹണം. ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതതിയതികളിൽ ആദ്യരാത്രിയിലും, സൂര്യന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതദിനങ്ങളിൽ മധ്യദിനത്തിലുമായിരിക്കും അതുണ്ടാകുക. സയ്യദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1889ൽ ബയ്അത്ത് വാങ്ങാൻ തുടങ്ങുകയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അസ്തിവാരമിടുകയും ചെയ്തു. കൃത്യം അഞ്ച് വർഷങ്ങൾക്കുശേഷം അതായത് 1894ൽ അല്ലാഹു അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം വെളിപ്പെടുത്തി. 1894ൽ ഈ ഗ്രഹണം ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും വെളിപ്പെട്ടു. അടുത്തവർഷം 1895 -ൽ അമേരിക്കയിലും ഇത് വെളിപ്പെട്ടു. മുസ്‌ലിംകൾ നശിച്ചുപോയിരിക്കുന്നുവെന്നും പതിനാലാം നൂറ്റാണ്ട് ഇതാ ആരംഭിച്ചുകഴിഞ്ഞുവെന്നും ഇമാം മഹ്ദി വെളിപ്പെടാൻ സമയമായിരിക്കുന്നുവെന്നും അക്കാലത്ത് ജനങ്ങൾ പറയാറുണ്ടായിരുന്നു. ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ചുള്ള ഈ ചർച്ച വീടുവീടാന്തരം നടക്കുമായിരുന്നു. ഈ ദൃഷ്ടാന്തം വെളിപ്പെട്ടപ്പോൾ ശതക്കണക്കിന് സത്യാത്മാക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. ഒരുഭാഗത്ത് അഹ്മദികൾക്ക് ഖാദിയാനിൽ അതൊരുത്സവമായിരുന്നുവെങ്കിൽ മറുഭാഗത്ത് ശത്രുക്കൾ പരിഭ്രാന്തിയിലും ദുഃഖത്തിലുമായിരുന്നു. മിർസാ ഗുലാം അഹ്മദ് മഹ്ദി മസീഹിന്റെ വാദവുമായി രംഗപ്രവേശം ചെയ്തിരിക്കുന്നുവെന്നതിൽ ഉലമാക്കൾക്ക് തങ്ങളുടെ പരാജയവും നിന്ദ്യതയും അപമാനവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. കാരണം അദ്ദേഹത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണത്തിന്റെ അടയാളം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു വ്യക്തി ഒരു മൗലവിയോട് സൂര്യചന്ദ്രഗ്രഹണത്തെക്കുറിച്ചുള്ള ഹദീഥിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. മൗലവി പറഞ്ഞു: 'ഹദീഥൊക്കെ ശരിതന്നെയാണ്. പക്ഷേ, മിർസാ സാഹിബിന്റെ വലയിൽ പെടേണ്ടതില്ല.' ഇനി ഇപ്പോൾ ജനങ്ങൾ മിർസാ സാഹിബിനെ അംഗീകരിക്കുമല്ലോ എന്നോർത്ത് ശത്രുപണ്ഡിതന്മാർ അങ്ങേയറ്റം പരിഭ്രാന്തിയുടെ ലോകത്തായിരുന്നു.

ഈ ഹദീഥ് സന്ദേഹത്തിന്റെയും സംശയത്തിന്റെയും വൃത്തത്തിൽ കൊണ്ടുവരികയും എന്നിട്ട് ആക്ഷേപമുന്നയിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റൊരു പോംവഴിയും ശത്രുപണ്ഡിതന്മാരുടെ കൈയിൽ ഇല്ലായിരുന്നു. അവർ ആക്ഷേപമുന്നയിച്ചുകൊണ്ട് പറഞ്ഞ ഒരു കാര്യം ഈ ഹദീഥ് 'മൗളൂഅ്'അഥവാ കെട്ടിയുണ്ടാക്കപ്പെട്ട ഹദീഥാണെന്നായിരുന്നു. അതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഏതെങ്കിലും അഗ്രസ്ഥാനീയനായ മുഹദ്ദിഥിന്റെ (ഹദീഥ് നിരൂപകരുടെ) ഗ്രന്ഥത്തിൽനിന്ന് ഈ ഹദീഥ് മൗളൂആയ ഹദീഥാണെന്ന് സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ അവർക്ക് ഉടനടി നൂറുരൂപ ഇനാം നൽകുന്നതാണ്. നിങ്ങളിഷ്ടപ്പെടുന്ന സ്ഥലത്ത് അമാനത്തെന്ന നിലയിൽ പ്രസ്തുത സംഖ്യ നിക്ഷേപിക്കുന്നതാണ്. അല്ലാത്തപക്ഷം അല്ലാഹുവിനെ ഭയപ്പെടുവിൻ! എന്നോടുള്ള വൈരാഗ്യത്താൽ ദിവ്യത്മാക്കളായ പണ്ഡിതന്മാർ എഴുതിവെച്ച സ്വഹീഹായ ഹദീഥുകളെ എന്തിനാണ് കെട്ടിഉണ്ടാക്കപ്പെട്ട ഹദീഥായി ചിത്രീകരിക്കുന്നത്?" *(തുഹ്ഫയെ ഗോൾഡവിയ, റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 133, 134)*

ചന്ദ്രഗ്രഹണം റമളാനിലെ ആദ്യരാത്രിയിൽ വെളിപ്പെട്ടിട്ടില്ല മറിച്ച് പതിമൂന്നാം രാത്രിയാണ് ഉണ്ടായതെന്നും അതുപോലെ സൂര്യഗ്രഹണം റമളാനിലെ പതിനഞ്ചാം പകൽ വെളിപ്പെടാതെ 28-ാം തിയതിയാണ് ഉണ്ടായതെന്നുമായിരുന്നു മറ്റൊരാക്ഷേപം. ഇതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ ലോകമുണ്ടായതുമുതൽ ചന്ദ്രഗ്രഹണത്തിനുവേണ്ടി അല്ലാഹു നിശ്ചയിച്ചിട്ടുള്ള രാവുകൾ മൂന്നാണ്. അതാണ് ദൈവിക പ്രകൃതിനിയമവ്യവസ്ഥിതി; 13, 14, 15 എന്നീ രാവുകൾ. അതുപോലെ സൂര്യഗ്രഹണത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ട ദിനങ്ങൾ പ്രകൃതി നിയമമനുസരിച്ച് ചന്ദ്രമാസത്തിന്റെ 26, 27, 28 ദിനങ്ങളുമാണ്.' *(ഹഖീഖത്തുൽ വഹയ്, റൂഹാനി ഖസാഇൻ, വാള്യം 22, പേജ് 203)*

ചുരുക്കത്തിൽ ചന്ദ്രഗ്രഹണത്തിന്റെ ആദ്യദിനം പതിമൂന്നാം രാവും സൂര്യഗ്രഹണത്തിന്റെ മധ്യദിനം എപ്പോഴും മാസത്തിന്റെ ഇരുപത്തിയെട്ടാം ദിനവുമാണെന്ന് മനസ്സിലാകുന്നു.

എപ്രകാരം അബുൽഹക്കം അബുജഹ്‌ലായിത്തീർന്നോ അപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള എതിർപ്പിൽ അല്ലാഹു ഉലമാക്കളെ ജാഹിലീങ്ങളാക്കിത്തീർത്തു. ഒന്നാമതായി പ്രകൃതിനിയമത്തിനു വിരുദ്ധമായി ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടാകേണ്ടതായിരുന്നു എന്നവർ ആവശ്യപ്പെട്ടു. രണ്ടാമതായി ഹദീഥിൽ വന്ന ഖമർ എന്ന പദത്തെക്കുറിച്ച് അവർ ചിന്തിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദീഥിൽ ഹിലാൽ എന്നല്ല മറിച്ച് ഖമർ എന്നാണ് വന്നിരിക്കുന്നത്. ആദ്യ മൂന്നു ദിവസംവരെയുള്ള ചന്ദ്രനെ ഹിലാൽ എന്നാണ് പറയുന്നത്. അതിനുശേഷമുള്ളതിനെ ഖമർ എന്ന് പറയുന്നു." അവിടന്ന് പറഞ്ഞു: 'നാളിതുവരെയുള്ള സകല അറബി പണ്ഡിതന്മാരും യോജിച്ചുവന്നിട്ടുള്ള ഒരു വസ്തുതയാണിത്. അറബി ഭാഷാ പടുക്കളിൽ ആരുംതന്നെ അതിന് എതിരോ നിഷേധിയോ ആയിട്ടില്ല. ഇക്കാര്യത്തിൽ നിനക്ക് സംശയമുണ്ടെങ്കിൽ ഖാമൂസ്, താജുൽ ഉറൂസ് സ്വിഹാഹ് തുടങ്ങിയ ഗ്രന്ഥങ്ങളും ലിസാനുൽ അറബെന്ന മഹദ്ഗ്രന്ഥവും അതുപോലെ അറബി ഭാഷ്യക്കാരും പദ്യഗദ്യരചയിതാക്കളുടെ രചനകളും പൗരാണിക രചനകളും, കവിതകളും ശ്രദ്ധാപൂർവ്വം നോക്കിക്കൊൾക. ഇപ്പറഞ്ഞതിനു വിപരീതമായി സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ നാം നിങ്ങൾക്ക് ആയിരം രൂപ ഇനാം നൽകുന്നതാണ്. പ്രവാചകശിരോമണിയുടെ വചനങ്ങളേയും സാഹിത്യനിപുണന്മാരുടെ നേതാക്കളുടെ വചനങ്ങളുടെയും അവയുടെ യഥാസ്ഥാനങ്ങളിൽനിന്ന് അവയുടെ യഥാർഥ അർഥങ്ങളെ വളച്ചൊടിക്കാൻ ശ്രമിക്കരുത്. ഓ ദരിദ്രവാസി നീ ദൈവത്തെ ഭയപ്പെടുക! അറബികളെക്കാളും അനറബികളെക്കാളും സാഹിത്യനിപുണനനും പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിൽ സർവ്വ സ്വീകാര്യനുമായ ആ സമ്പൂർണനായ മഹാനുഭാവനു മുന്നിൽ ധാർഷ്ട്യം കാണിക്കാതിരിക്കുക. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അന്തസ്സ് പരിഗണിക്കാതിരിക്കാൻ നിനക്ക് എന്ത് സംഭവിച്ചു?" *(നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 197)*

അവിടന്ന് വീണ്ടും പറയുന്നു: 'കഴിഞ്ഞകാലങ്ങളിൽ ഇതുപോലെയുള്ള ഒരു സംഭവം നിങ്ങൾക്ക് എടുത്തുകാണിക്കാൻ സാധിക്കുമോ? അതായത് താൻ അല്ലാഹുവിൽനിന്നുള്ള ഒരാളാണെന്ന് വാദിക്കുകയും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിങ്ങൾ ഇപ്പോൾ കണ്ടതുപോലെ റമളാൻ മാസത്തിൽ ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിച്ചതായി കാണുകയും ചെയ്തിട്ടുണ്ടോ? നിങ്ങൾക്ക് അങ്ങനെ വല്ലതും കണ്ടെത്താൻ കഴിയുന്നുവെങ്കിൽ എടുത്തുവരുവിൻ. നിങ്ങൾക്ക് ആയിരം രൂപ സമ്മാനം നൽകുന്നതാണ്. അങ്ങനെ ചെയ്തുകാണിക്കുവാൻ കഴിയുമെങ്കിൽ നിങ്ങൾക്കുള്ളതാണ് ഈ സമ്മാനം. അങ്ങനെ സ്ഥാപിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ -ഇല്ല, നിങ്ങൾക്കൊരിക്കലും അങ്ങനെ കാണിക്കുവാൻ സാധിക്കുകയില്ല- കുഴപ്പം സൃഷ്ടിക്കുന്നവർക്കുവേണ്ടി അല്ലാഹു തയ്യാറാക്കിയിട്ടുള്ള അഗ്നിയെ നിങ്ങൾ ഭയപ്പെടുക." *(നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 20)*

ഇനി മഹത്തായ മറ്റൊരു ദൈവികപിന്തുണയെ കുറിച്ച് നമുക്ക് നോക്കാം. അത് പ്രവചനങ്ങളാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ദൃഷ്ടാന്തങ്ങളും മുഅ്ജിസത്തുകളും നിറഞ്ഞ പ്രവചനങ്ങൾ നല്കി. അത് ആ മഹാത്മാവിന്റെ സത്യത്തിനുള്ള ഏറ്റവും വലിയ അടയാളമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നുബുവ്വത്തിന്റെ അടയാളങ്ങളിൽ അതിമഹത്തായ ദൃഷ്ടാന്തമായ മുഅ്ജിസത്തായി പ്രവചനങ്ങളുടെ മുഅ്ജിസത്താണ് ഗണിക്കപ്പെടുന്നത്. പ്രവചനങ്ങൾക്ക് സമാനമായ മറ്റൊരു മുഅ്ജിസത്തും ഇല്ലതന്നെ. അതിനാൽ ദൈവനിയുക്തനായ മഹാത്മാക്കളെ അവരുടെ പ്രവചനങ്ങളിലൂടെ തിരിച്ചറിയേണ്ടതാണ്.' *(ലക്ചർ ലുധിയാന, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 256)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ആയിരക്കണക്കിന് പ്രവചനങ്ങൾ നല്കിയിട്ടുണ്ട്. മസീഹ് മൗഊദ്(അ) തന്റെ തിർയാഖുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിൽ 75ഉം, നുസൂലുൽ മസീഹിൽ 150ഉം, ഹഖീഖത്തുൽ വഹ്‌യിൽ 208ഉം പ്രവചനങ്ങൾ ദൃഷ്ടാന്തങ്ങളായും, ദൈവികസഹായങ്ങളായും മുഅ്ജിസത്തുകളായും ഉല്ലേഖനം ചെയ്തിട്ടുണ്ട്. അവിടന്ന് പറയുന്നു. 'എന്റെ ഗ്രന്ഥമായ നുസൂലുൽ മസീഹ് നോക്കിയാൽ അടയാളങ്ങൾ വെളിപ്പെടുത്തുന്നതിൽ ഒരുതരത്തിലുള്ള വിവേചനവും അല്ലാഹു കാണിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. ഭൂമിയുടെ ഒരു വലിയ ഭാഗം സമുദ്രത്താൽ നിറഞ്ഞിരിക്കുന്നതുപോലെ ഈ പ്രസ്ഥാനം അല്ലാഹുവിന്റെ അടയാളങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ വെളിപ്പെടാതെ ഒരു ദിവസവും കടന്നുപോകുന്നില്ല." *(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 411)*

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 09 June 2022 Issue-23

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)


ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു ദൃഷ്ടാന്തം തന്നെ മതിയാകുന്നതാണെന്നും ഇതുകൊണ്ടുതന്നെ അയാളുടെ ഹൃദയം വിറകൊള്ളുന്നതാണെന്നും ഞാൻ പറയുന്നു. എന്നാൽ, ഇവിടെയാണെങ്കിൽ ഒന്നല്ല, നൂറുക്കണക്കിൽ ദൃഷ്ടാന്തങ്ങൾ കാണപ്പെടുന്നു. എന്നുമാത്രമല്ല അവ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്തത്ര അധികമാണെന്നു ഞാൻ വാദിക്കുകയാണ്.' *(ലക്ചർ ലുധിയാന, റൂഹാനിഖസാഇൻ, വാള്യം 20, പേജ് 257)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടന്തങ്ങൾ കാണിച്ചുകൊണ്ടേയിരുന്നു. എന്നാൽ, എതിരാളികൾ അതെല്ലാം നിഷേധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. മിർസാസാഹിബിന്റെ എല്ലാ പ്രവചനങ്ങളും കള്ളമായി പുലർന്നുവെന്ന് മൗലവി ഥനാഉല്ലാഹ് അമൃത്സരി വിവാദരംഗത്ത് ലജ്ജാകരമായ ഒരു കളവ് പറയുകയാണ് ചെയ്തത്. ഇതു കൂടാതെയും പല കളവുകളും ആ മനുഷ്യൻ പറഞ്ഞു. അതിനൊക്കെ മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഅ്ജാസെ അഹ്മദി എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. മൗലവി ഥനാഉല്ലായുടെ ആക്ഷേപങ്ങൾക്ക് മറുപടിയായി മസീഹ് മൗഊദ്(അ) എഴുതി. 'സത്യവാനാണെങ്കിൽ ഖാദിയാനിൽ വന്ന് എന്റെ ഏതെങ്കിലുമൊരു പ്രവചനം കള്ളമാണെന്ന് സ്ഥാപിക്കുക. അപ്രകാരം ഓരോ പ്രവചനങ്ങൾക്കും നൂറുനൂറു രൂപ വീതം സമ്മാനമായി അയാൾക്ക് നൽകുന്നതായിരിക്കും. കൂടാതെ പോക്കുവരവിനുള്ള ചെലവുകൾ വേറെയും നൽകുന്നതാണ്.' *(ഇഅ്ജാസെ അഹ്മദി, റൂഹാനി ഖസാഇൻ, വാള്യം 19, പേജ് 112)*

**പേജ് 6 ൽ നിന്ന്**

ഹത്തിലെ ഊർജ്ജസ്വലരും ഫലദായകരുമായ വ്യക്തിത്വങ്ങളായി മാറാനും സഹായകമാകും. അഹ്മദിയ്യാ ജമാഅത്ത് ഇതേകാരണം കൊണ്ടാണ് വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം നല്കുന്നത്. ഇതിനുവേണ്ടിയാണ് ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ സ്വന്തം പരിമിതമായ സൗകര്യങ്ങളിൽനിന്നുകൊണ്ട് സ്കൂളുകൾ തുറന്നിരിക്കുന്നതും. ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കാൻ ശേഷി ഇല്ലാത്ത വിദ്യാർഥികൾക്ക് സ്റ്റൈഫന്റും നല്കുന്നു.

സമ്പന്ന രാഷ്ട്രങ്ങൾക്ക് ലോകത്തെ ദുർബല രാഷ്ട്രങ്ങളെ ശക്തമായ അടിത്തറകളിൽ നിലനിറുത്താൻ സഹായിക്കണമെന്നതാണ് നമ്മുടെ വീക്ഷണം. ദരിദ്ര രാജ്യങ്ങൾ സാമൂഹികമായി സ്വന്തം അടിത്തറയിൽ നില ഉറപ്പിച്ചാലൽ സ്വന്തം നിവാസികൾക്ക് അവിടെത്തന്നെ അവസരങ്ങൾ പ്രാപ്തമാകും. സ്വന്തം നാട് ഉപേക്ഷിച്ച് വിദേശരാജ്യങ്ങളിൽ പോകണമെന്ന ആവശ്യകതയെ കുറിച്ചുള്ള തോന്നൽ വളരെ കുറഞ്ഞു വരും. സ്വന്തം രാജ്യങ്ങൾ സുശക്തമായി പുരോഗതിയുടെ വഴികളിൽ പ്രവേശിക്കുമ്പോൾ ഇതിന്റെ സ്വാഭാവിക പരിണിതി എന്ന നിലയിൽ അവരുടെ പ്രദേശങ്ങൾക്കൊപ്പം ലോകത്തെ ഇതര പ്രദേശങ്ങൾക്കും പ്രയോജനം പ്രാപ്തമാകും.

മുകളിൽ സൂചിപിച്ച വിശുദ്ധ ഖുർആൻ വചനം സവിശേഷമായ നിലയിൽ അയൽവാസികളുടെ അവകാശങ്ങളെ കുറിച്ച് വിവരിക്കുന്നു. അവർ മുസ്ലിമായാലും ശരി, അമുസ്ലിമായാലും ശരി. അയൽപക്കത്തിന്റെ അതിരുകളും വളരെ വിശാലമാണെന്ന് അത് സൂചിപ്പിക്കുന്നു. അനന്തരാവകാശങ്ങളിൽ പോലും അയൽവാസികളെ ഉൾപ്പെടുത്തിയേക്കുമോ എന്ന വിചാരം ഉണ്ടാകുന്ന പരിധിയോളം അയൽവാസികളുടെ അവകാശങ്ങളെ കുറിച്ച് അല്ലാഹു ഊന്നൽ നല്കിയതായി നബി(സ) തിരുമേനി പറയുകയുണ്ടായി.

മനുഷ്യരോടു നന്ദി പുലർത്താത്തവർ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല എന്ന അധ്യാപനവും നബി(സ)തിരുമേനി നല്കുകയുണ്ടായി. എത്ര നല്ല മൂലതത്ത്വമാണിത്. ദൈവത്തെ ആരാധിക്കുന്നതിനോടൊപ്പം മനുഷ്യരുടെ അവകാശങ്ങളും പൂർത്തിയാക്കൽ അനിവാര്യമാണ്.

❖❖❖

**പേജ് 1 ൽ നിന്ന്**

വിട്ടു വീഴ്ച ചെയ്യുക)(15:86) എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

അതായത് ആകാശത്തിന്റേയും ഭൂമിയുടേയും സൃഷ്ടിപ്പിൽ ഒന്നു ചിന്തിച്ചുനോക്കുക. അത് ഉദ്ദേശ്യമൊന്നുമില്ലതുള്ളതാണെന്ന് തോന്നുന്നുണ്ടോ. ഈ തൊഴിൽശാലയിൽ നോക്കുന്നതുകൊണ്ട് എല്ലാ ഓരോ ബുദ്ധിമാനും മനസ്സിലാക്കാൻ കഴിയും ഇത്ര വൻവ്യവസ്ഥിതി എന്തുദ്ദേശ്യത്താലുള്ളതാണെന്ന്! ആ നിശ്ചിതസമയം വരികതന്നെ ചെയ്യുമെന്ന ഫലത്തിലെത്തുകയും ചെയ്യും. 'സാഅത്ത്' എന്ന പദം ഖിയാമത്ത് അഥവാ പുനരുഥാന നാളിനും ഉപയോഗിക്കാറുണ്ട്. നബിമാരുടെ ശത്രുക്കളുടെ നാശത്തിന്റേയും അവരെ വിശ്വസിക്കുന്നവരുടെ അഭിവൃദ്ധിക്കുവേണ്ടി നിശ്ചയിക്കപ്പെട്ട വാഗ്ദത്ത നിമിഷത്തിനുവേണ്ടിയും ഉപയോഗിക്കാറുണ്ട്. ആയത്തിന്റെ ആദ്യഭാഗം രണ്ടു നിശ്ചിത സമയത്തിനു വേണ്ടിയും തെളിവെന്ന നിലയിലുള്ളതാണ്. ഭൂമിയുടേയും ആകാശത്തിന്റേയും സൃഷ്ടിപ്പ് ഖിയാമത്തിന്റേയും തെളിവാണ്; അതുപോലെതന്നെ നബിമാരുടെ വിജയത്തിന്റേയും അവരുടെ ശത്രുക്കളുടെ നാശത്തിന്റേയും!

മനുഷ്യജീവിതം കേവലം ഈ ലോകത്ത് അവസാനിക്കുകയാണെങ്കിൽ, ഇത്രമാത്രം വലിയ ലോകം അല്ലാഹു സൃഷ്ടിച്ചത് മനുഷ്യൻ ഇതിൽ ജനിച്ച് കുറച്ചുദിവസം തിന്നുകയും കുടിക്കുകയും പിന്നീട് മരിക്കുകയും ചെയ്യുന്നതിനുമാത്രണെങ്കിൽ ഈ ചിന്താഗതി തികച്ചും ബുദ്ധിക്കുവിരുദ്ധമാണ്. ഇത്ര വലിയ വ്യവസ്ഥിതി സൃഷ്ടിക്കുക എന്നത് വലിയൊരു ഉദ്ദേശ്യത്തിനുവേണ്ടിമാത്രം ആകാനെ തരമുള്ളു. ആ ഉദ്ദേശ്യം പൂർത്തിയാകുന്നത് ഈ ലോകത്ത് കാണുകയില്ല. അതുകൊണ്ട് മനുഷ്യന്റെ ജീവിതം ഭൗതികമായ ഈ ജീവിതത്തോടെ അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമാണ്. പ്രത്യുത ഈ വ്യവസ്ഥിതിയുടെ മഹത്ത്വമനുസരിച്ച് ദീർഘകാലം തുടർന്നുപോകണം. അതിൽ ആ വ്യവസ്ഥിതിയുടെ മഹത്ത്വമനുസരിച്ച് അവൻ ഉന്നതമായ സ്ഥാനം പ്രാപിക്കുകയും വേണം.

ചിന്തിക്കുകയാണെങ്കിൽ മുഴുവൻ വ്യസ്ഥിതികളും വേറിട്ടതാണ്. അല്ലാഹു ചെറുതിൽ ചെറുതായ വസ്തുവിൽപോലും എങ്ങനെയുള്ള രഹസ്യങ്ങളാണ് നിക്ഷേപിച്ചിരിക്കുന്നതെന്നാൽ അത് അവസാനിക്കുന്നതല്ല. മനുഷ്യശരീരത്തെതന്നെ എടുക്കുക. അതിന്റെ വ്യവസ്ഥിതി എത്രമാത്രം സങ്കീർണമായതാണ്. ആയിരക്കണക്കിന് ലക്ഷക്കണക്കിന് ഡോക്ടർമാരും വിവരണ വിദഗ്ദ്ധരും അതിന്റെ യാഥാർഥ്യം കണ്ടുപിടിക്കാൻ വ്യാപൃതരായിരിക്കുകയാണ്. പക്ഷേ, മനുഷ്യശരീരവുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളെ വലയം ചെയ്തെടുക്കാൻ ഇന്നുവരെ അവർക്ക് കഴിഞ്ഞിട്ടില്ല. വിശുദ്ധ ഖുർആൻ ഇറങ്ങിയ കാലത്തിനുശേഷം യൂറോപ്പ് ശാസ്ത്രത്തിൽ അതിരറ്റ ശ്രേഷ്ഠത കൈവരിച്ചു. എന്നാൽ, ഇന്നുവരെ മനുഷ്യശരീരവുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളെ പൂർണമായും വലയം ചെയ്യാൻ അവർക്ക് കഴിഞ്ഞിട്ടില്ല. പിന്നീട് ഇത്രമാത്രം വിശാലമായ നിയമങ്ങളുടെമേൽ ഏതൊരു അസ്തിത്വത്തിന്റെ അടിത്തറയാണോ വെക്കപ്പെട്ടിട്ടുള്ളത് അതിന്റെ ജീവിതോദ്ദേശ്യത്തെ ഉയിർത്തെഴുന്നേൽപിന്റെ നിഷേധികൾ പറയുന്നതുപോലെ ഇത്രമാത്രം നിസ്സാരമെന്നു പറയുന്നത് എങ്ങനെയാണ് ബുദ്ധിപരമെന്ന് മനസ്സിലാക്കുക.

ഇപ്രകാരംതന്നെ ഈ വ്യവസ്ഥിതി പ്രവാചകന്മാരുടെ വിജയത്തേയും അവരുടെ ശത്രുക്കളുടെ നാശത്തേയും വിളിച്ചോതുന്നു. ഭൂമിയെ ആകാശത്തിൽനിന്ന് വേർപ്പെടുത്തിയാൽ അതിന്റെ അവസ്ഥ എന്തായിരിക്കും. ഒരു ദിവസംപോലും അതിനു പിടിച്ചുനിൽക്കാൻ കഴിയുകയില്ല. ആത്മീയമായ ആകാശവുമായി ബന്ധം വിച്ഛേദിച്ച് രക്ഷപ്പെടാമെന്ന് ആരാണോ വിചാരിക്കുന്നത് അവർ എത്രമാത്രം അന്ധരാണ്. ഏതുപോലെ ഈ വ്യവസ്ഥിതിയുടെ പൂർണഭാഗമായിരുന്നുകൊണ്ട് ഭൂമി സുരക്ഷിതമായി ഇരിക്കുന്നുവോ അതുപോലെ ആത്മീയമായ വ്യവസ്ഥിതിയുടെ ഭാഗമായി ഇരുന്നുകൊണ്ടു മാത്രമെ മനുഷ്യന് നാശത്തിൽനിന്ന് രക്ഷപ്പെടാനാകുകയുള്ളു. ഇല്ലെങ്കിൽ അവന് രക്ഷപ്പെടാൻ ഒരു വഴിയുമില്ല. പ്രത്യേകിച്ചുംഅവൻ ഈ വ്യവസ്ഥിതിയുടെമേൽ ആക്രമണം നടത്തുമ്പോൾ മോക്ഷം ഖണ്ഡിതമയും അസംഭാവ്യമാണ്. അതുകൊണ്ട് നബി(സ)തിരുമേനിയുടെ നിഷേധികളോടു പറയപ്പെട്ടിരിക്കുന്നത് ആത്മീയമായ ആകാശത്തോടു ബന്ധം വിച്ഛേദിച്ച കാരണത്താൽ അവരുടെ വസ്തുക്കളൊന്നും അവർക്ക് പ്രയോജനപ്പെടുകയില്ലെന്നാണ്. എന്നല്ല ഇപ്പോൾ അവരുടെ നാശത്തിന്റേയും മുസ്ലിമീങ്ങളുടെ അഭിവൃദ്ധിയുടേയും നേരം വന്നെത്തിയിരിക്കുകയാണ്. *(തഫ്സീറെ കബീർ, വാള്യം 4, പേജ് 107, പ്രസാധനം ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin